KERALA
STARTUP MISSION®

# കേരള സ്റ്റാർട്ടപ്പ് മിഷൻ
# ഭരണ റിപ്പോർട്ട് 2022-23




Huddle Kerala 2022

# ഉള്ളടക്കം


ആമുഖം....5

നിലവിലെ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥ....5

ഭരണസംവിധാനം....5

സ്ഥാപനത്തിന്റെ ഘടന....7

സ്ഥാനം....7

വിവര സാങ്കേതിക വിദ്യാനയം....7

പദ്ധതികൾ....8

# ആമുഖം

2002 ൽ ടെക്നോപാർക്ക് ആരംഭിച്ച സംരംഭമാണ് ടെക്നോപാർക്ക് ബിസിനസ് ഇൻകുബേഷൻ സെന്റർ (ടിബിഐസി). ഇത് സേവന വാണിജ്യ സംരംഭങ്ങൾക്കുള്ള ഒരു വേദിയായി വിദ്യാർത്ഥികളേയും സ്റ്റാർട്ടപ്പുകളേയും പ്രയോജനപ്പെടുത്തി. പൂർണ്ണമായി സജ്ജീകരിച്ച പ്ലഗ് ആന്റ് പ്ലേ ഉൾപ്പെടെ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും ഉൾപ്പെട്ട ഓഫീസ് സൗകര്യം പുതുതായി ആരംഭിക്കുന്ന സ്റ്റാർട്ടപ്പുകൾക്ക് ടിബിഐസി നൽകി വന്നു. സയൻസ് ആൻഡ് ടെക്നോളജി (ഡി എസ് ടി) വകുപ്പിന്റെ കീഴിലുള്ള നാഷണൽ സയൻസ് ആൻഡ് ടെക്നോളജി എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് ബോർഡ് (എൻ എസ് ടി ഇ ഡി ബി) ൽ നിന്ന് സഹായം ലഭ്യമായതിനെ തുടർന്ന് 2006 ൽ ടിബിഐസി യെ ടെക്നോപാർക്ക് ടെക്നോളജി ബിസിനസ് ഇൻക്യുബേറ്റർ (ടി-ടിബിഐ) എന്ന പേരിൽ ഒരു സൊസൈറ്റിയായി രജിസ്റ്റർ ചെയ്തു.

വിവിധ ഇടപെടലുകളിലൂടെ സംസ്ഥാനത്ത് ഒരു സ്റ്റാർട്ടപ്പ് സംസ്കാരം വളർത്തണമെന്ന കാഴ്ചപ്പാടിലൂടെയും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വിഭിന്നമായി പുതുതായി ആരംഭിക്കുന്ന സംരംഭങ്ങളെ സഹായിക്കുന്നതിന് സംസ്ഥാന സർക്കാർ തീരുമാനിച്ചു. സംസ്ഥാനത്തെ വളർന്നുവരുന്ന സംരംഭക സമൂഹത്തെ പിന്തുണയ്ക്കുന്നതിന് മുൻകൈയെടുക്കുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ 2013 ൽ ടെക്നോപാർക്ക് ടി ബി ഐ യെ സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥ സ്ഥാപിക്കുന്നതിനുള്ള നോഡൽ ഏജൻസിയായി നിയമിച്ചു. തുടർന്ന് ബഹു. കേരള മുഖ്യമന്ത്രി ചെയർമാനായി ടെക്നോപാർക്ക് ടി ബി ഐ യുടെ ബോർഡ് ഓഫ് ഗവർണേഴ്സ് രൂപീകരിച്ചു. എറണാകുളം ജില്ലയിലെ കളമശേരിയിൽ ടെക്നോളജി ഇന്നവേഷൻ സോൺ സ്ഥാപിക്കുന്നതിനുള്ള ചുമതലയും കേരള സ്റ്റാർട്ടപ്പ് മിഷന് നൽകി.

2014 ൽ ടെക്നോപാർക്ക് ടിബിഐ യെ കേരള സ്റ്റാർട്ട് അപ്പ് മിഷൻ എന്ന് പുനർനാമകരണം ചെയ്തതു മുതൽ സ്ഥാപനം കേരള സ്റ്റാർട്ടപ്പ് മിഷൻ എന്നാണ് അറിയപ്പെടുന്നത്.

2014-15 സാമ്പത്തിക വർഷത്തിൽ യുവ സംരംഭകത്വ വികസന പരിപാടി, ടെക്നോളജി ഇന്നവേഷൻ സോൺ എന്നീ രണ്ട് പദ്ധതികൾ കേരള സ്റ്റാർട്ടപ്പ് മിഷൻ നടപ്പിലാക്കുന്നതിനായി സംസ്ഥാന സർക്കാർ ബജറ്റിലൂടെ അനുമതി നൽകി. ഈ രണ്ട് പദ്ധതികളും വിപുലീകരിച്ച് ഇപ്പോഴും തുടർന്നുവരുന്നു.

കേരളത്തിലെ യുവ സംരംഭകർക്കിടയിൽ സ്റ്റാർട്ടപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ആവേശം ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികളാണ് കേരള സ്റ്റാർട്ടപ്പ് മിഷൻ (കെഎസ്‌യുഎം) നടപ്പിലാക്കുന്നത്. നൂതന സാങ്കേതിക ഉൽപ്പന്ന ആശയങ്ങളിന്മേൽ പരീക്ഷണം നടത്തി മികച്ച സ്റ്റാർട്ടപ്പായി മാറ്റുന്നതിന് യുവ സംരംഭക സമൂഹത്തിനെ കേരള സ്റ്റാർട്ടപ്പ് മിഷൻ വിവിധ തലങ്ങളിൽ സഹായിച്ചു വരുന്നു. രാജ്യത്തെ സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥയിൽ പങ്ക് വഹിക്കത്തക്കവിധത്തിലുള്ള മികച്ച സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥ സംസ്ഥാനത്ത് സ്ഥാപിക്കുന്നതിൽ കേരള സ്റ്റാർട്ടപ്പ് മിഷൻ പ്രധാന ചുമതല വഹിച്ചുവരുന്നു.

2017 ലെ വിവര സാങ്കേതിക വിദ്യാ നയത്തിലെ ടെക്നോളജി ഇന്നൊവേഷൻ & എന്റർപ്രണർഷിപ്പ് ഉപനയം നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് കേരള സ്റ്റാർട്ടപ്പ് മിഷൻ നടത്തിവരുന്നത്. സ്റ്റാർട്ടപ്പ് നയം നടപ്പാക്കുന്നതിനുള്ള കേരള സർക്കാരിന്റെ നോഡൽ ഏജൻസിയായ കേരള സ്റ്റാർട്ടപ്പ് മിഷൻ, സ്കൂളുകൾ, കോളേജുകൾ, പ്രൊഫഷണലുകൾ എന്നിവരിൽ സംരംഭകത്വ സംസ്കാരം വാർത്തെടുക്കുന്നതിനുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇത്തരം പ്രവർത്തനങ്ങൾ കേരളത്തിന്റെ മാത്രമല്ല, ഇന്ത്യയുടെ സ്റ്റാർട്ടപ്പ് മേഖലയെ തന്നെ പരിപോഷിപ്പിക്കുന്നതിൽ ചെറുതല്ലാത്ത പങ്കുവഹിക്കുന്നു.

ഈ റിപ്പോർട്ട് കേരള നിയമസഭാ സാമാജികർക്ക് സമർപ്പിക്കേണ്ടതാണ്.

### നിലവിലെ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥ

സാമൂഹിക വിഷയങ്ങളിൽ പരിഹാരം കണ്ടെത്തുന്ന അധുനിക സാങ്കേതികതയിൽ പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകളെ പ്രതിബന്ധങ്ങൾ അതിജീവിച്ച് വിജയപാതയിൽ മുന്നേറാൻ പര്യാപ്തമാക്കുംവിധം ഒരു ആവാസ വ്യവസ്ഥ സൃഷ്ടിക്കാനാണ് കേരളം ശ്രമിച്ചുകൊണ്ടിരിക്കുന്നത്. കേരള സ്റ്റാർട്ടപ്പ് മിഷന്റേയും മേഖല അടിസ്ഥാനമായ പങ്കാളികളുടേയും സഹകരിച്ചുള്ള വിവിധ പ്രവർത്തനങ്ങളുടെ ഫലമായി 4652 സ്റ്റാർട്ടപ്പുകൾ രജിസ്റ്റർ ചെയ്യുന്നതിനും 8 ലക്ഷത്തിലധികം ചതുരശ്ര അടി ഇൻകുബേഷൻ സൗകര്യം, 63 ഇൻക്യുബേറ്ററുകൾ, 425 മിനി ഇൻകുബേറ്ററുകൾ, ഫ്യൂച്ചർ ടെക്നോളജീസ് ലാബ്, ഐഒടി ലാബുകൾ, ഡിജിറ്റൽ ഫാബ്രിക്കേഷൻ പ്രോത്സാഹിപ്പിക്കുന്നതിനായി MIT സൂപ്പർ ഫാബ് ലാബ്, മിനി ഫാബ് ലാബുകൾ ഉൾപ്പെടെ 22 ഫാബ് ലാബുകൾ എന്നിവ വിവിധ ജില്ലകളിലായി സൃഷ്ടിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. ഹാർഡ് വെയർ, ബയോടെക്നോളജി, ഇലക്ട്രോണിക്സ്, അഡ്വാൻസ്ഡ് കമ്പ്യൂട്ടിംഗ് തുടങ്ങിയ സൗകര്യങ്ങളും ഇവിടെ ലഭ്യമാണ്.

### ഭരണസംവിധാനം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസറാണ് കേരളാ സ്റ്റാർട്ടപ്പ് മിഷന്റെ തലപ്പത്തുള്ളത്. 11.07.2022 ൽ ശ്രീ അനൂപ് അംബിക ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി ചുമതലയേറ്റു. റിപ്പോർട്ട് കാലയളവിൽ അതുവരെ കേരള

ഐടി പാർക്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായ ശ്രീ. ജോൺ എം തോമസ്സാണ് കേരളാ സ്റ്റാർട്ടപ്പ് മിഷന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ചുമതല വഹിച്ചിരുന്നത്.
കേരള സ്റ്റാർട്ടപ്പ് മിഷന്റെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത് എക്സിക്യൂട്ടീവ് കമ്മിറ്റിയും നയപരമായ തീരുമാനമെടുക്കുന്നത് ബോർഡ് ഓഫ് ഗവർണേഴ്സുമാണ്.

**ബോർഡ് ഓഫ് ഗവർണേഴ്സ് (20.01.2022 ലെ ജി ഒ (എം എസ് ) 4/2022/വിസവ നമ്പർ ഉത്തരവ് പ്രകാരം പുനഃസംഘടിപ്പിച്ചത് )**

| | | |
|---|---|---|
| 1 | മുഖ്യമന്ത്രി | ചെയർമാൻ |
| 2 | ഇലക്ട്രോണിക്സും വിവരസാങ്കേതിക വിദ്യ വകുപ്പ് മന്ത്രി | മെമ്പർ |
| 3 | പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി, ഇലക്ട്രോണിക്സും വിവരസാങ്കേതിക വിദ്യയും വകുപ്പ് | മെമ്പർ |
| 4 | പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി, വ്യവസായ വകുപ്പ് | മെമ്പർ |
| 5 | പ്രിൻസിപ്പൽ സെക്രട്ടറി, ശാസ്ത്രസാങ്കേതിക വകുപ്പ് | മെമ്പർ |
| 6 | പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി, കൃഷി വകുപ്പ് | മെമ്പർ |
| 7 | പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ് | മെമ്പർ |
| 8 | പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി, ധനകാര്യ വകുപ്പ് | മെമ്പർ |
| 9 | ഡോ. സജി ഗോപിനാഥ്, വൈസ് ചാൻസിലർ, കേരള ഡിജിറ്റൽ സർവ്വകലാശാല | മെമ്പർ |
| 10 | വൈസ് ചാൻസലർ, APJ അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി | മെമ്പർ |
| 11 | ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ഐ ടി പാർക്ക് | മെമ്പർ |
| 12 | മാനേജിംഗ് ഡയറക്ടർ, കിൻഫ്രാ | മെമ്പർ |
| 13 | ശ്രീ. പോൾ ബേസിൽ, വിൽഗ്രോ സ്ഥാപകൻ | മെമ്പർ |
| 14 | ശ്രീ. ബാബു ശിവദാസൻ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, എൻവസ്റ്റ് നെറ്റ് | മെമ്പർ |
| 15 | ശ്രീ. ഷിലൻ സുഗുണൻ, മലബാർ ഏഞ്ചൽ സ്ഥാപകനും ആർബിട്രോണിന്റെ മുൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും | മെമ്പർ |
| 16 | ശ്രീ. സാം സന്തോഷ്, ചെയർമാൻ, മെഡ്ജിനോം ലാബ്സ് | മെമ്പർ |
| 17 | ശ്രീ അനീഷ് അച്ചുതൻ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ഓപ്പൺ | മെമ്പർ |
| 18 | ശ്രീ. രാജേഷ് നായർ, കേരള ചീഫ്, ഇ & വൈ | മെമ്പർ |
| 19 | ശ്രീ. ഷാരോൺ ഷംസുദ്ദീൻ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, സാൻസ് ഇന്റർനാഷണൽ &ഐ എസ് വൈ എക്സ് ടെക്നോളജീസ് | മെമ്പർ |
| 20 | ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരളാ സ്റ്റാർട്ടപ്പ് മിഷൻ | കൺവീനർ |

**എക്സിക്യൂട്ടീവ് കമ്മിറ്റി (18.02.2018 ലെ ജി ഒ (ആർ ടി) 310/2018/വിസവ നമ്പർ ഉത്തരവ് പ്രകാരം പുനസംഘടിപ്പിച്ചത് )**

| | | |
|---|---|---|
| 1 | പ്രിൻസിപ്പൽ സെക്രട്ടറി, ഇലക്ട്രോണിക്സ് & ഇൻഫോർമേഷൻ ടെക്നോളജി വകുപ്പ് | ചെയർമാൻ |
| 2 | പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ് | മെമ്പർ |
| 3 | സെക്രട്ടറി, ധനകാര്യ (എക്സ്പെൻറ്റിച്ചർ) വകുപ്പ് | മെമ്പർ |
| 4 | മാനേജിംഗ് ഡയറക്ടർ, കിൻഫ്രാ | മെമ്പർ |
| 5 | ഡയറക്ടർ, കേരള സ്റ്റേറ്റ് IT മിഷൻ | മെമ്പർ |
| 6 | ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ടെക്നോപാർക്ക് | മെമ്പർ |
| 7 | ഡയറക്ടർ, ICFOSS | മെമ്പർ |
| 8 | മാനേജിംങ്ങ് ഡയറക്ടർ, KSITIL | മെമ്പർ |
| 9 | ഡയറക്ടർ, IIITM-K | മെമ്പർ |
| 10 | ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിന്റെ പ്രതിനിധി | മെമ്പർ |
| 11 | ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരളാ സ്റ്റാർട്ടപ്പ് മിഷൻ | മെമ്പർ |
| 12 | സെക്രട്ടറി & രജിസ്ട്രാർ, കേരളാ സ്റ്റാർട്ടപ്പ് മിഷൻ | കൺവീനർ |

### സ്ഥാപനത്തിന്റെ ഘടന

ബോർഡ് ഓഫ് ഗവർണേഴ്സിന്റെയും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും തീരുമാനവും സർക്കാർ നിർദ്ദേശിക്കുന്ന കാര്യങ്ങളും നടപ്പിലാക്കുന്നതിന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ സഹായിക്കുന്നതിനായി സ്ഥാപനത്തിൽ താഴെപ്പറയുന്ന ഘടനയിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. റിപ്പോർട്ട് കാലയളവിലെ ജീവനക്കാരുടെ വിശദാംശം താഴെ പറയും പ്രകാരമാണ്.

Table

CEO-1

**കേരള സ്റ്റാർട്ടപ്പ് മിഷന്റെ 31.03.2023 ലെ നിലയനുസരിച്ചുള്ള ഓർഗനൈസേഷൻ ചാർട്ട് ഉൾക്കൊള്ളിക്കുന്നു.**

### സ്ഥാനം

| | |
|---|---|
| Trivandrum | Head office & incubator - Thejaswini Technopark Trivandrum |
| | Electronics Accelerator at CDAC building, Technopark, Trivandrum |
| | Fab Lab - IIITM-K building Technopark Trivandrum |
| Ernakulam | Integrated Startup Complex, Technology Innovation Zone, Kalamassery Ernakulam |
| | KSUM Incubator, Scaleup Space, Super Fab Lab, Bionest |
| Kozhikode | Incubator - ULCyber Park, Kozhikode |
| | Incubator - Cyber Park, Kozhikode |
| Kasaragod | Incubator - Kasargod District Panchayat Building |
| Palakkad | Incubator - Government Polytechnic College, Palakkad |

### വിവര സാങ്കേതിക വിദ്യാനയം

30.06.2017 ലെ സ.ഉ (പി) 19/2017/ വിസവ നമ്പർ ഉത്തരവിലൂടെ കേരള സർക്കാർ വിവരസാങ്കേതിക വിദ്യാ നയം പ്രഖ്യാപിച്ചിട്ടുണ്ട്. അടിസ്ഥാന നയവും ഒൻപത് ഉപ നയങ്ങളും ഉൾപ്പെടുന്നതാണ് വിവരസാങ്കേതിക വിദ്യാ നയം. നൂതനതയും സംരംഭകത്വവും സംബന്ധിച്ചതാണ് ഉപനയം 7. നൂതനതയും സംരംഭകത്വവും സംബന്ധിച്ച കേരള സർക്കാരിന്റെ നോഡൽ ഏജൻസിയായി കേരള സ്റ്റാർട്ടപ്പ് മിഷനെ നിശ്ചയിച്ചിട്ടുണ്ട്. വിവര സാങ്കേതിക വിദ്യാ നയത്തിന്റെ ഈ ഭാഗം നടപ്പിലാക്കുന്നതിലേക്കായി കേരള സ്റ്റാർട്ടപ്പ് മിഷന് രണ്ട് പ്രധാന പദ്ധതികൾ 2022-23 വർഷത്തിലേക്ക് സർക്കാർ അനുവദിച്ചിട്ടുണ്ട്. യുവ സംരംഭകത്വം, ടെക്നോളജി ഇന്നവേഷൻ സോൺ എന്നിവയാണ് പ്രസ്തുത പദ്ധതികൾ.

### 2021 ലെ സ്റ്റാർട്ടപ്പ് ഇന്ത്യാ പുരസ്കാരം

കരുത്തുള്ള സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥ സ്ഥാപിച്ച കേരള സംസ്ഥാനത്തിന് 2021 ൽ DPIIT നടത്തിയ സംസ്ഥാനങ്ങളുടെ റാങ്കിംഗിൽ ടോപ്പ് പെർഫോർമർ പുരസ്കാരം നൽകി. 2022 ജൂലൈ 4 ന് നടന്ന ചടങ്ങിലാണ് പുരസ്കാരം വിതരണം ചെയ്തത്.









**പദ്ധതികൾ**

2022-23 സാമ്പത്തിക വർഷത്തിലേക്ക് കേരള സ്റ്റാർട്ടപ്പ് മിഷന് അനുവദിച്ച പദ്ധതികൾ താഴെ പറയുന്നവയാണ്.


1. യുവ സംരംഭകത്വം
2. ടെക്നോളജി ഇന്നവേഷൻ സോൺ

**പദ്ധതി നടപ്പിലാക്കുന്നതിനുള്ള കർമ്മ പരിപാടികൾ**

വിവിധ കർമ്മ പരിപാടികളിലൂടെയാണ് റിപ്പോർട്ട് വർഷം യുവ സംരംഭകത്വ പരിപാടി നടപ്പിലാക്കിയത്. ഓരോ ഉപ ഘടകങ്ങളിലും നടത്തിയ പ്രധാന പരിപാടികൾ താഴെകാണും പ്രകാരമാണ്

**ഇന്നവേഷൻ ആന്റ് എന്റർപ്രണർഷിപ്പ് സെന്റർ (IEDC)**

സ്റ്റാർട്ടപ്പുകൾ സൃഷ്ടിക്കുന്നതിനുള്ള വഴിയായി കേരള സ്റ്റാർട്ടപ്പ് മിഷൻ വിദ്യാർത്ഥികൾക്കിടയിൽ സാങ്കേതികത, സംരംഭകത്വം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് 2014-15 മുതൽ ഊന്നൽ നൽകി വരികയും അതിന്റെ ഭാഗമായി വിവിധ എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക് കോളേജുകൾ, പ്രൊഫഷണൽ കോളേജുകൾ, ആർട്ട്സ് & സയൻസ് കോളേജുകൾ എന്നിവിടങ്ങളിൽ ഇന്നവേഷൻ ആന്റ് എന്റർപ്രണർഷിപ്പ് സെന്ററുകൾ സ്ഥാപിക്കുകയും ചെയ്തു വരുന്നു. നാളിത് വരെ 425 IEDC കൾ സ്ഥാപിച്ചതിൽ 84 എണ്ണം റിപ്പോർട്ട് സാമ്പത്തിക വർഷം ആരംഭിച്ചതാണ്. IEDC കൾ സംബന്ധിച്ച പൊതുവിശദാംശം താഴെ കാണും പ്രകാരമാണ്.





**IEDC സമ്മേളനം 2023**

സംരംഭകരാകാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥി സമൂഹത്തിന്റെ ഏഷ്യയിലെ ഏറ്റവും വലിയ സമ്മേളനമാണ് കേരള സ്റ്റാർട്ടപ്പ് മിഷൻ സംഘടിപ്പിച്ചുവരുന്ന IEDC സമ്മേളനം. ഏഴാമത് IEDC സമ്മേളനം 2023 മാർച്ച് 4- ാം തീയതി രാജഗിരി സ്കൂൾ ഓഫ് എഞ്ചിനീയറിംഗിലാണ് സംഘടിപ്പിച്ചത്. വിവിധ സാങ്കേതിക സെഷനുകൾ, ബോധവൽക്കരണ പരിപാടികൾ, ശില്പശാലകൾ, ആശയ വിനിമയ

പരിപാടികൾ, ഉല്പന്ന പ്രദർശനങ്ങൾ എന്നിവയിലൂടെ സാങ്കേതിക വൈവിധ്യവും മുന്നേറ്റവും സംബന്ധിച്ച് വിദ്യാർത്ഥികൾക്ക് മനസ്സിലാക്കുന്നതിനുള്ള വേദിയായി പ്രസ്തുത സമ്മേളനം.

**ഇന്നവേറ്റേഴ്സ് പ്രീമിയർ ലീഗ് 2.0 (IPL 2.0)**
നൂതനത, സാങ്കേതിക, സംരംഭകത്വം എന്നിവയിൽ നൽകിയിട്ടുള്ള സമയപരിധിയിൽ സംസ്ഥാന ചാമ്പ്യൻഷിപ്പിനായും മറ്റും അംഗീകാരങ്ങൾക്കുമായി IEDC കൾ തമ്മിൽ മത്സരിക്കുന്നതാണ് ഇന്നവേറ്റേഴ്സ് പ്രീമിയർ ലീഗ്. വിദ്യാർത്ഥികളിൽ IEDC യെ സംബന്ധിച്ച അവബോധവും സംവേദനശേഷിയും പ്രചരിപ്പിക്കുന്നതിനും IEDC സമ്മേളനവുമായി ബന്ധപ്പെട്ട് തുടരുന്ന സ്റ്റാർട്ടപ്പുകളുടെ വഴിയൊരുക്കുകയുമാണ് ഇന്നവേറ്റേഴ്സ് പ്രീമിയർ ലീഗ് സംഘടിപ്പിക്കുന്നതിന്റെ ലക്ഷ്യം. പ്രവർത്തനങ്ങൾ അടുത്ത ഘട്ടത്തിലേക്ക് ഉയരുന്നതാണ് IPL 2.0 യിലൂടെ കണ്ടത്. 2022 ഒക്ടോബർ 27 മുതൽ 2023 ഫെബ്രുവരി വരെയായിരുന്നു IPL 2.0 സംഘടിപ്പിച്ചത്.

ഹാക്കത്തോണുകൾ, ഐഡിയത്തോണുകൾ, പ്രദർശനങ്ങൾ എന്നിവയിലൂടെ തെരഞ്ഞെടുക്കുന്നവരെ സംസ്ഥാന തല മത്സരങ്ങൾക്കായി IEDC സമ്മേളനത്തിലേക്ക് എത്തിക്കുകയും വിജയികൾക്ക് ആശയം സംരംഭമായി മാറ്റുന്നതിന് ധനസഹായം നൽകുകയും ചെയ്യുന്നു.

**സംരംഭകതരുടെ സംഗമം (Founders Meet)**
റിപ്പോർട്ട് സാമ്പത്തിക വർഷം വിവിധ സ്ഥലങ്ങളിലും തീയതികളിലുമായി 10 സംരംഭകരുടെ സംഗമം സംഘടിപ്പിച്ചു.

**കേരള ഇന്നവേഷൻ വീക്ക്**
കേരള സ്റ്റാർട്ടപ്പ് മിഷൻ 2022 ജൂൺ 22 മുതൽ 28 വരെ ടെക്നോളജി ഇന്നവേഷൻ സോണിൽ കേരള ഇന്നവേഷൻ വീക്ക് വിജയകരമായി സംഘടിപ്പിച്ചു. സംസ്ഥാനത്ത് സഹകരിച്ച് പ്രവർത്തിക്കുന്ന നൂതന ആവാസ വ്യവസ്ഥ രൂപീകരിക്കുന്നതിനായി വേൾഡ് ഇകണോമിക് ഫോറത്തിന്റെ സംരംഭമായ കൊച്ചി ഗ്ലോബൽ ഷേപ്പേഴ്സുമായി സഹകരിച്ചാണ് ഈ പരിപാടി സംഘടിപ്പിച്ചത്.

ആദ്യ ദിനം സൈക്കത്തോൺ, കമ്മ്യൂണിറ്റി ലീഡർഷിപ്പ് സമ്മേളനം, രണ്ടാം ദിനത്തിൽ കോഡെത്തോൺ, മേക്കത്തോൺ, ഓപ്പൺ mic- STC, മൂന്നാം ദനം ഡിസൈൻ എ തോൺ, പൈത്തൺ, റോബോട്ടിക്സ് എന്നിവയിൽ ശില്പശാലകൾ, നാലാം ദിനം ബിൽഡത്തോൺ, വൈ ഹാക്ക് അഞ്ചാംദിനം ഗോയിംഗ് ഗ്ലോബൽ- യുകെ, സ്റ്റാർട്ടപ്പുകൾക്ക് ഓപ്പൺ ഹൗസ്, പിച്ച് ഫെസ്റ്റ്, ആറാം ദിനം 3D പ്രിന്റിംഗ്, ലേസർ കട്ടിംഗ് എന്നിവയിൽ ശില്പശാല, സംരംഭക സംഗമം ഗോയിംഗ് ഗ്ലോബൽ- കാനഡയും നോർത്ത് അമേരിക്കയും, ഷീ പവർ സമ്മേളനം ടൈ വുമൺ ഏഴാം ദിനം ഫാബ് പ്രദർശനം, ഗവേഷണ ഉൽപന്നങ്ങളുടെ പ്രദർശനം, TAOS Art ശില്പശാല എന്നിങ്ങനെ വിവിധ പരിപാടികൾ ഇന്നവേഷൻ വീക്കിന്റെ ഭാഗമായി.

**ഇൻവെസ്റ്റർ കഫെ**
സ്റ്റാർട്ടപ്പുകളെ ഏഞ്ചൽ നിക്ഷേപകർ വെഞ്ചർ ക്യാപിറ്റൽ സമൂഹം എന്നിവരുമായി ബന്ധപ്പെടുത്തുന്നതിനാണ് ഇൻവെസ്റ്റർ കഫെയിലൂടെ വിഭാവനം ചെയ്യുന്നത്. റിപ്പോർട്ട് വർഷം സ്റ്റാർട്ടപ്പുകൾക്ക് നിക്ഷേപം ലഭ്യമാക്കുക എന്ന ലക്ഷ്യത്തിൽ 8 ഇൻവെസ്റ്റർ കഫെകളാണ് സംഘടിപ്പിച്ചത്.

2022 ഡിസംബർ 15 മുതൽ 16 വരെ സംഘടിപ്പിച്ച ഹഡിൽ ഗ്ലോബൽ 2022 ന്റെ ഭാഗമായും സ്റ്റാർട്ടപ്പുകൾക്ക് നിക്ഷേപം സംബന്ധിച്ച അവബോധം നൽകുന്നതിനായി "പിച്ച് ഇറ്റ് റൈറ്റ്", "ടൈഗേഴ്സ് ക്ലാ", "സീ സൈഡ് ഹഡിൽ" ഇൻവെസ്റ്റേഴ്സ് ലോഞ്ച് എന്നീ പരിപാടികൾ സംഘടിപ്പിച്ചു.

**ഇങ്കുബേഷൻ**
തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, കാസറഗോഡ് എന്നിവിടങ്ങളിൽ കേരള സ്റ്റാർട്ടപ്പ് മിഷന് സ്വന്തമായി ഇങ്കുബേറ്ററുകളുണ്ട്. ഈ ഇങ്കുബേറ്ററുകളിൽ 31.03.2023 ലെ സ്ഥിതി താഴെ കാണും പ്രകാരമാണ്.

Ernakulam - 66 Startup

Malabar - 54 Startup

Trivandrum - 50 Startup

Total - 170 Startups

സംസ്ഥാനത്തുള്ള മറ്റ് ഇങ്കുബേറ്ററുകളെയും കേരള സ്റ്റാർട്ടപ്പ് മിഷൻ സഹായിച്ചു വരുന്നു.

1. **ബയോനെസ്റ്റ്**– രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയും കേരള സ്റ്റാർട്ടപ്പ് മിഷനും സംയുക്തമായി രൂപീകരിച്ച KRIBS എന്ന സൊസൈറ്റിയാണ് ഈ ബയോടെക്നോളജി ഇങ്കുബേറ്റർ നടത്തുന്നത്. ടെക്നോളജി ഇന്നവേഷൻ സോണിൽ സൗജന്യമായി സ്ഥലം, പ്രവർത്തന സഹായം എന്നിവ കൂടാതെ പ്രസ്തുത ഇങ്കുബേറ്ററിലുള്ള സ്റ്റാർട്ടപ്പുകൾക്ക് കേരള സ്റ്റാർട്ടപ്പ് മിഷന്റെ പദ്ധതികളിലൂടെയുള്ള സഹായവും നൽകി വരുന്നു.

2. **മേക്കർ വില്ലേജ് –** കേന്ദ്ര ഇലക്ട്രോണിക്സും വിവരസാങ്കേതിക വിദ്യ വകുപ്പ് മന്ത്രാലയവും IIITMK യും സംയുക്തമായാണ് ഈ ഇലക്ട്രോണിക്സ് ഇങ്കുബേറ്റർ നടത്തുന്നത്. ഇതിനാവശ്യമായ സ്ഥലവും, പ്രവർത്തന സഹായം, മറ്റ് സഹായങ്ങൾ എന്നിവ കേരള സ്റ്റാർട്ടപ്പ് മിഷൻ നൽകി വരുന്നു. നടത്തിപ്പ് ചുമതല IIITMK ക്കാണ്.

3. **ഫോസ് ഇങ്കുബേറ്റർ** – ഓപ്പൺ ആന്റ് ഫ്രീ സോഫ്റ്റ് വെയർ മേഖലയിലെ ഈ ഇങ്കുബേറ്റർ നടത്തുന്നത് ICFOSS ആണ്. തിരുവനന്തപുരം കാര്യവട്ടത്തെ സ്പോർട്സ് ഹബ്ബിലെ സ്ഥലം പ്രസ്തുത ഇങ്കുബേറ്ററിന് വേണ്ടി സജ്ജീകരിച്ചതിന്റെ ചെലവ് വഹിച്ചത് കേരള സ്റ്റാർട്ടപ്പ് മിഷനാണ്.

4. **സ്റ്റാർട്ടപ്പ് ഡ്രീംസ്–** പട്ടികജാതിക്കാർക്കായി പട്ടിക ജാതി വികസന വകുപ്പിന്റെ ഇങ്കുബേറ്റർ പ്രവർത്തിപ്പിക്കുന്നതിനുള്ള ചുമതല കേരള സ്റ്റാർട്ടപ്പ് മിഷനാണ്. പ്രസ്തുത ഇങ്കുബേറ്ററിലുള്ള സ്റ്റാർട്ടപ്പുകൾക്ക് കേരള സ്റ്റാർട്ടപ്പ് മിഷന്റെ എല്ലാ പദ്ധതികളിലൂടെയും സഹായം നൽകി വരുന്നു.

5. **പാലക്കാട് ഇങ്കുബേറ്റർ**– പാലക്കാട് സർക്കാർ പോളിടെക്നിക് കോളേജ് ലഭ്യമാക്കിയ സ്ഥലം സജ്ജീകരിച്ച് ഇങ്കുബേറ്റർ പ്രവർത്തിപ്പിക്കുന്നത് കേരള സ്റ്റാർട്ടപ്പ് മിഷനാണ്.

**കണക്റ്റിവിറ്റി**

കേരള സ്റ്റാർട്ടപ്പ് മിഷന്റെ എല്ലാ ഇങ്കുബേറ്ററുകളിലും താഴെ കാണും പ്രകാരം ഉയർന്ന വേഗതയുള്ള ഇന്റർനെറ്റ് സൗകര്യം ലഭ്യമാണ്.

**ഫാബ് ലാബ് കേരള**

2022–23 കാലഘട്ടം ഫാബ് ലാബ് കേരളയെ സംബന്ധിച്ച് ഫലപ്രദമാണ്. കേരളത്തിലും പുറത്തുമുള്ള സ്റ്റാർട്ടപ്പുകൾ, ഇന്നവേറ്റർമാർ, വിദ്യാർത്ഥികൾ എന്നിവർക്ക് നിർമ്മാണത്തിലും ആദ്യ മാതൃകകൾ സൃഷ്ടിക്കുന്നതിനും സഹായിക്കുക എന്ന ഫാബ് ലാബ് കേരളയുടെ അടിസ്ഥാന ലക്ഷ്യം നിർവ്വഹിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഫാബ് ലാബ് കേരളയുടെ പ്രാപ്തി വികസിപ്പിച്ച് വ്യത്യസ്തങ്ങളായ 200 ഉപഭോക്താക്കളുടെ 507 പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ ഈ കാലയളവിൽ സാധിച്ചിട്ടുണ്ട്.

ഫാബ് ലാബ് കേരളയുടെ പ്രധാന പ്രവർത്തനങ്ങളെ 6 ആയി തരം തിരിക്കാം

1. സ്വന്തം പദ്ധതികൾ
2. ഡിസൈൻ സേവനം

3. നിർമ്മാണം/ ആദ്യ മാതൃക സേവനം
4. വിജ്ഞാന പരിപാടി
5. ശേഷി വികസനം
6. പ്രചാരണം

**സ്വന്തം പദ്ധതികൾ**

മെഷീനുകൾ നിർമ്മിക്കുന്ന മെഷീനുകൾ എന്ന MIT പദ്ധതിയുടെ ഭാഗമായുള്ളതാണ് ഫാബ് ലാബ് കേരളയുടെ സ്വന്തം പദ്ധതി. PICO എന്ന ഡെസ്ക്ടോപ്പ് PCB മില്ലിംഗ് മെഷീൻ ഡിസൈൻ ചെയ്ത് നിർമ്മിക്കുകയാണ് MIT പദ്ധതിയുടെ ഭാഗമായി കഴിഞ്ഞ വർഷം ചെയ്തത്. 2022 ഒക്ടോബറിൽ ബാലിയിൽ നടന്ന ഫാബ് ഫെസ്റ്റിൽ PICO എന്ന ഈ മെഷീൻ പ്രദർശിപ്പിക്കുകയും ചെയ്തു.

**ഡിസൈൻ സേവനം**

ഉല്പന്ന മാതൃകകൾ വികസിപ്പിക്കുന്നവർക്ക് അതിനുള്ള കേന്ദ്രമായാണ് ഫാബ് ലാബ് കേരള പ്രവർത്തിക്കുന്നത്. ആഗോള ഫാബ് ഫൗണ്ടേഷന്റെ ഭാഗമായി നില നിൽക്കുന്ന ഡിസൈനുകൾ രൂപീകരിക്കുന്നതിനാണ് എപ്പോഴും ശ്രമിക്കുന്നത്. കാർഡ് ബോർഡ് കൊണ്ട് നിർമ്മിച്ച ഫർണീച്ചർ ഇക്കാര്യത്തിൽ ശ്രദ്ധേയമാണ്.

**നിർമ്മാണ/ ആദ്യ മാതൃക സേവനം**

ഫാബ് ലാബ് കേരളയുടെ പ്രധാന ഉദ്ദേശവും വരുമാന മാർഗ്ഗവുമാണ് നിർമ്മാണവും ആദ്യ മാതൃക രൂപീകരിക്കലും സംബന്ധിച്ച പ്രവർത്തനങ്ങൾ

**വിജ്ഞാന പരിപാടി**

ഡിജിറ്റൽ ഫാബ്രിക്കേഷനിലും ആദ്യ മാതൃകകൾ രൂപീകരിക്കുന്നതിലും നൈപുണ്യമുള്ളവരെ സൃഷ്ടിക്കുക എന്നതും ഫാബ് ലാബ് കേരളയുടെ ലക്ഷ്യങ്ങളിലൊന്നാണ്. ഇത് പ്രാവർത്തികമാക്കുന്നതിനായി വിദ്യാർത്ഥികൾക്ക് സാങ്കേതികതകളിൽ വിവിധ ശില്പശാലകളും പരിശീലന പരിപാടികളും സംഘടിപ്പിച്ചുവരുന്നു. ഫാബ് അക്കാദമി പരിപാടയാണ് ഇതിൽ പ്രധാനപ്പെട്ടത്. ആഗോള ഫാബ് ഫൗണ്ടേഷന്റെ നേതൃത്വത്തിൽ നടക്കുന്ന 6 മാസ തീവ്ര പരിപാടിയാണിത്. ഇതിന് ഫാബ് ലാബ് കേരളയും ഒരു വേദിയാണ്. അഞ്ച് വിദ്യാർത്ഥികൾക്കുള്ള നിലവിലെ കോഴ്സ് 2023 ജൂലൈയിൽ അവസാനിക്കും.

**ശില്പശാലകൾ**

ഫാബ് അക്കാദമി കൂടാതെ വിവിധ വിഷയങ്ങളിൽ ഹ്രസ്വകാല ശില്പശാലകളും പരിശീലന പരിപാടികളും ഫാബ് ലാബ് കേരള നടത്തി വരുന്നു. 13 ശില്പശാലകളിലായി 128 പേർക്ക് പരിശീലനം നൽകിയതു കൂടാതെ വനിത / IEDC സമ്മേളനങ്ങളോടൊപ്പവും 3D പ്രിന്റിംഗിൽ ശില്പശാലകൾ സംഘടിപ്പിച്ചു.

**ശേഷി വികസനം**

**കാര്യക്ഷമത പരിപോഷണം**

സ്ട്രാറ്റസിസ് 55 പോളിജെറ്റ് 3ഡി പ്രിന്റർ, ഡെസ്ക്ടോപ് പിക്ക് ആന്റ് പ്ലേസ് മെഷീനും പ്രിന്റഡ് സർക്യൂട്ട് ബോഡുകളുടെ മാതൃക നിർമ്മിക്കുന്നതിനുള്ള മിനി റീഫ്ലോ ഓവൻ എന്നിവ കൂട്ടിച്ചേർത്ത് ഫാബ് ലാബ് കേരളയുടെ ആദ്യ മാതൃക നിർമ്മാണ ശേഷി ഉയർത്തി. രണ്ടാമത് സൂചിപ്പിച്ച മെഷീൻ കേരള സ്റ്റാർട്ടപ്പ് മിഷൻ ഇങ്കുബേഷൻ നൽകിയ സോയിഡ് ലാബ് എന്ന കമ്പനിയുടെ ഉൽപന്നവും അത് സംഭരിച്ചത് ഗവൺമെന്റ് ആസ് എ മാക്കറ്റ് പ്ലേസ് എന്ന പദ്ധതിയിലൂടെയുമാണ്. സൂപ്പർ ഫാബിന്റെയും മേക്കർ വില്ലേജിന്റെയും ഉണഭോക്താവായ ഈ കമ്പനി ക്യാൽകോം, സോഹോ, ഐഎസ്ആർഒ എന്നിവയ്ക്കും ഉല്പന്നങ്ങൾ നൽകി വരുന്നു.

**പ്രചാരണ പരിപാടികൾ**

ഡിജിറ്റൽ ഫാബ്രിക്കേഷൻ, പ്രോട്ടോടൈപ്പിംഗ് എന്നിവ സംബന്ധിച്ച അവബോധം പൊതു ജനങ്ങൾക്കിടയിൽ സൃഷ്ടിക്കുന്നതിനും അതിന് ഫാബ് ലാബ് കേരളയിലുള്ള സൗകര്യങ്ങൾ ബോധ്യപ്പെടുന്നതിനുമായി ഓപ്പൺ ഹൗസ്, സോഷ്യൽ മീഡിയ വഴിയുള്ള പ്രചാരണം, സംവാദത്തിനായുള്ള സെഷനുകൾ തുടങ്ങി വിവിധ പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. എല്ലാ ശനിയാഴ്ചകളിലും ഉച്ചക്ക് ശേഷം ഫാബ് ലാബ് സന്ദർശിക്കുന്നേതിനുള്ള സൗകര്യം ലഭ്യമാണ്. പൊതുജനങ്ങൾക്ക് രജിസ്റ്റർ ചെയ്ത് ഈ സൗകര്യം പ്രയോജനപ്പെടുത്താം. റിപ്പോർട്ട് കാലയളവിൽ 500 ഓളം രജിസ്ട്രേഷനാണ് ഇതിനായി ലഭിച്ചത്.

ഫാബ് ഓപ്പൺ ഹൗസ് കൂടാതെ വിദ്യാർത്ഥികൾക്കും ഫാബ് ലാബ് സന്ദർശനത്തിനുള്ള സൗകര്യം ലഭ്യമാണ്. മറ്റു വിഷയങ്ങൾ പഠിക്കുന്ന വിദ്യാർത്ഥികൾക്കും ഈ സൗകര്യം പ്രയോജനപ്പെടുത്താം. റിപ്പോർട്ട് കാലയളവിൽ കൊച്ചി ഫാബ് ലാബിൽ 24 ഉം തിരുവനന്തപുരം ഫാബ് ലാബിൽ 7 ഉം സന്ദർശനങ്ങളാണ് ഇത്തരത്തിൽ

നടന്നത്. ഈ സന്ദർശകർക്ക് ഡിജിറ്റൽ ഫാബ്രിക്കേഷൻ, പ്രോട്ടോടൈപ്പിംഗ് എന്നിവയിലുള്ള ഒരു സെഷനും നൽകും

### പുറമേനിന്നുള്ള ഇടപാടുകൾ

വിജ്ഞാനം പങ്കുവക്കുന്നതിനും നിലവാരം ഉയർത്തുന്നതിനുമായി റിഡിൽ, കൊച്ചി ഡിസൈൻ വീക്ക്, ഉട്ട്യോപ്യൻ ഡിസ്റ്റോപിയ തുടങ്ങിയ ഏജൻസികളുമായി ബന്ധപ്പെട്ട് ഫാബ് ലാബ് കേരള പ്രവർത്തിക്കുന്നുണ്ട്. ഈ സ്ഥാപനങ്ങളുടെ പരിപാടികളിൽ ഡിസൈനിലും നിർമ്മാണത്തിലും ഫാബ് ലാബിനുള്ള വൈദഗ്ധ്യം പ്രദർശിപ്പിക്കുന്നതിനും ഈ സ്ഥാപനങ്ങളിലുള്ള വിദഗ്ധരുമായി മികച്ച ചർച്ചകൾ സംഘടിപ്പിക്കുന്നതിനും കഴിയുന്നുണ്ട്.

## റിസർച്ച് ഇന്നവേഷൻ നെറ്റ് വർക്ക് – കേരള (RINK)

ട്രാൻസിലേഷണൽ റിസർച്ചിനെ പ്രോത്സാഹിപ്പിക്കുകയും സംസ്ഥാനത്തെ ഗവേഷണ വികസന സമൂഹത്തിനിടയിൽ സംരംഭകത്വ സംസ്കാരം വളർത്തിയെടുക്കന്നതിനുമായി റിസർച്ച് ഇന്നവേഷൻ നെറ്റ് വർക്ക് – കേരള (RINK) എന്ന പദ്ധതി കേരള സ്റ്റാർട്ടപ്പ് മിഷൻ നടപ്പിലാക്കി വരുന്നു. ഗവേഷണ വികസന സ്ഥാപനങ്ങളെ സ്റ്റാർട്ടപ്പുകളുമായും വ്യവസായവുമായും ബന്ധപ്പെടുത്തി ഗവേഷണ ഉല്പന്നങ്ങൾ വിപണിയിലെത്തിക്കുന്നതിനും വിജയകരമായ സംരംഭമാക്കി മാറ്റുന്നതിനുമുള്ള പ്രവർത്തനങ്ങളും RINK ന്റെ ഭാഗമായി നടത്തി വരുന്നു. 2022-23 വർഷം RINK ന്റെ പ്രവർത്തനങ്ങളുടെ സംക്ഷിപ്തമായ വിശദാംശം താഴെകാണും പ്രകാരമാണ്.

### റിങ്ക് ഡെമേ ഡേയ്സ്

അഞ്ച് റിങ്ക് ഡെമോ ഡെയ്സാണ് 2022-23 വർഷം സംഘടിപ്പിച്ചത്. ഗവേഷണ വികസന സ്ഥാപനങ്ങളിൽ നിന്നുള്ള സാങ്കേതിക കൈമാറ്റം പ്രോത്സാഹിപ്പിക്കുന്നതിനായി ഗവേഷണ വികസന സ്ഥാപനങ്ങളിൽ നിന്നുള്ള വിപണന സാധ്യതയുള്ള സാങ്കേതികത സംരംഭകരുടേയും സ്റ്റാർട്ടപ്പുകളുടേയും മുമ്പാകെ പ്രദർശിപ്പിച്ചു.

### റിങ്കുമായി ബന്ധപ്പെട്ട് ധാരണാ പത്രങ്ങൾ

ആരോഗ്യ സംരംക്ഷണം, മെഡിക്കൽ ടെക്നോളജി എന്നിവയിൽ നൂതനതയും സംരംഭകത്വവും പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സ്റ്റാർട്ടപ്പ് മിഷൻ SCTIMST-TIMed & KMTC യുമായും ധാരണാ പത്രം ഒപ്പുവച്ചു.

### റിങ്ക് ശില്പശാലകളും പ്രദർശനങ്ങളും

ട്രോൻസ്ലേഷണൽ റിസർച്ച്, ടെക്നോളജി കൊമേഴ്സ്യലൈസേഷൻ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി കാലികറ്റ് മഹാത്മാഗാന്ധി, CSIR-NIIST സർവ്വകലാശാലകളുമായി സഹകരിച്ച് ശില്പശാലകൾ സംഘടിപ്പിച്ചു. ഗവേഷണ ഉല്പന്നങ്ങൾ വിപണി സാധ്യമായ ഉൽപന്നങ്ങളാക്കി മാറ്റുന്നതിന് ഗവേഷകരെയും വിദഗ്ധരേയും ബന്ധപ്പെടുത്തുക എന്നതായിരുന്നു ശില്പശാലകളുടെ ഉദ്ദേശം. ഹഡിൽ ഗ്ലോബലിന്റെ ഭാഗമായി റിങ്ക് സംഘടിപ്പിച്ച റിസർച്ച് ഇന്നവേറ്റേഴ്സ് മീറ്റപ്പിൽ കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ നിന്നുള്ള 40 ഓളം ഗവേഷകർ പങ്കെടുത്തു. കേരളത്തിൽ ലഭ്യമായ ഇൻസ്ട്രുമെന്റേഷൻ സൗകര്യങ്ങൾ അറിയുന്നതിന് ഇത്തരം സൗകര്യങ്ങളുടെ വിവരങ്ങൾ ക്രോഡീകരിക്കുന്നതും റിങ്കിന്റെ ലക്ഷ്യങ്ങളിൽ ഒന്നാണ്. സെൻട്രൽ ഇൻസ്ട്രുമെന്റേഷൻ ആന്റ് ലബോറട്ടറി ഫെസിലിറ്റേഷൻ (CLIF) മായി സഹകരിച്ചും ഒരു ശില്പശാല സംഘടിപ്പിച്ചു. സ്റ്റാർട്ടപ്പ്, ഗവേഷകർ എന്നീ സമൂഹത്തിലെ 33 പേർ ഇതിൽ പങ്കെടുത്തു. കേരളത്തിൽ ലഭ്യമായ കേന്ദ്ര ഇൻസ്ട്രുമെന്റേഷൻ സൗകര്യങ്ങളുടെ വിശദാംശം ശേഖരിക്കുന്ന നടപടിയും ആരംഭിച്ചു.

### റിങ്ക് റിസർച്ച് ഇന്നവേഷനും ഇങ്കുബേഷൻ പരിപാടികളും

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും ട്രാൻസ്ലേഷണൽ റിസർച്ചും സംരംഭകത്വവും പ്രോത്സാഹിപ്പിക്കുന്നതിനായി കോട്ടയം മഹാത്മാഗാന്ധി സർവ്വകലാശാലയിൽ റിസർച്ച് ഇങ്കുബേഷൻ പരിപാടി ആരംഭിച്ചു. വിവിധ ഘട്ടങ്ങളിലുള്ള തെരഞ്ഞെടുക്കൽ പ്രക്രിയയിലൂടെ 19 അപേക്ഷകരെയാണ് ഈ പരിപാടിയിലേക്ക് തെരഞ്ഞെടുത്തത്. ദേശീയ റിസർച്ച് ഇന്നവേഷൻ ചലഞ്ചിലൂടെ തെരഞ്ഞെടുത്തതുൾപ്പെടെ ഗ്രാന്റ് ലഭിച്ച 24 സ്ഥാപനങ്ങൾ അവരുടെ പ്രോജക്ടിന്റെ 4 മാസം പിന്നിട്ടു.

സഹൃദയ കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജിയുടെ പങ്കാളിത്തത്തോടെ വനിത സ്റ്റാർട്ടപ്പുകൾക്കായി റിസർച്ച് ഇന്നവേഷൻ പരിപാടി ആരംഭിച്ചു. ജൈവ സാങ്കേതിക വിദ്യയിലും ബയോ മെഡിക്കൽ എഞ്ചിനീയറിംഗിലും പ്രവർത്തിക്കുന്ന വനിതാ ഗവേഷകരിൽ നിന്നും വിജയ സാധ്യതയുള്ള ഇന്നേവേറ്റർമാരേയും സംരംകരേയും കണ്ടെത്തുക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം. ഏഴ് വനിതാ ഗവേഷകരെയാണ് ഈ പരിപാടിക്ക് തെരഞ്ഞെടുത്തത്.

ഗവേഷണ വികസന സ്ഥാപനങ്ങളിലെയും അനുബന്ധ കോളേജുകളിലേയും ശാസ്ത്രജ്ഞർ, അദ്ധ്യാപകർ, ഉയർന്നു വരുന്ന ഗവേഷണ വികസന സ്റ്റാർട്ടപ്പുകളെയും സംബന്ധിച്ച മാസ്റ്റർ ഡാറ്റായും റിങ്ക് മേൽ പറഞ്ഞ പരിപാടികൾ കൂടാതെ തയ്യാറാക്കിയിട്ടുണ്ട്. റിങ്കിന്റെ പ്രചാരത്തിനായും ട്രാൻസ്ലേഷണൽ റിസർച്ച് സംബന്ധിച്ച് പ്രചാരത്തിനുമായി കോളേജുകളിലും സർവ്വകലാശാലകളിലും സന്ദർശനവും റിങ്കിന്റെ ഭാഗമായി നടത്തിവരുന്നു.

## സാങ്കേതികത വിപണനവും കൈമാറ്റത്തിനുള്ള സഹായവും

റിപ്പോർട്ട് കാലയളവിൽ താഴെപ്പറയുന്ന സ്റ്റാർട്ടപ്പുകൾക്ക് ഈ പദ്ധതിയിലൂടെ സഹായം നൽകി

1. Foo Foods India Pvt Ltd
2. Venki Biodegrades Pvt Ltd

## ക്ലൈമത്തോൺ 2022

EY ഗ്ലോബൽ ഡെലിവറി സർവ്വീസ്, UNDP, സ്റ്റാർട്ടപ്പ് ഇന്ത്യ, ഗ്ലോബൽ ഷേപ്പേഴ്സ്, കൊച്ചി, NASSCOM, TiE കേരള എന്നിവരുമായി സഹകരിച്ചാണ് കേരള സ്റ്റാർട്ടപ്പ് മിഷൻ ക്ലൈമത്തോൺ 2022 സംഘടിപ്പിച്ചത്. സംരംഭകർ, ഇന്നവേറ്റർമാർ, വിദ്യാർത്ഥികൾ, ഗവേഷകർ, സാങ്കേതിക വിദഗ്ധർ, പ്രൊഫഷണലുകൾ എന്നിവരെ സംയോജിപ്പിച്ച് കാലാവസ്ഥ വ്യതിയാനത്തിന്റെ പ്രതിസന്ധികൾക്ക് പരിഹാരം കണ്ടെത്തുക എന്നതായിരുന്നു ലക്ഷ്യം. വിപണിയിലും സമൂഹത്തിലും കാലാവസ്ഥ വ്യതിയാനം മൂലമുള്ള ആഘാതം കുറയ്ക്കുന്നതിന് ആധുനിക സാങ്കേതികതയിലൂന്നി പരിഹാരം കണ്ടെത്താൻ കഴിയുന്ന സംരംഭകരെയും ഇന്നവേറ്റർമാരെയും കണ്ടെത്തുക എന്നതായിരുന്നു ഉദ്ദേശ്യം. സാങ്കേതികത, നിലനിൽപ്പ് എന്നീ വിഷയങ്ങളിലെ സ്റ്റാർട്ടപ്പുകളുടെയും വ്യാവസായിക വിദഗ്ധരുടേയും ശക്തമായ സാന്നിധ്യം ലഭിച്ച പ്രസ്തുത ഹാക്കത്തോൺ 2022 നവംബർ 26, 27 തീയതികളിൽ കൊച്ചി ഇന്റഗ്രേറ്റഡ് സ്റ്റാർട്ടപ്പ് കോംപ്ലക്സിലാണ് സംഘടിപ്പിച്ചത്. രണ്ട് ദിവസത്തെ ശക്തമായ മാർഗ്ഗദർശനം, ഹാക്കത്തോൺ, കൂട്ടായ പ്രവർത്തനം എന്നിവയിലൂടെ ചലനാത്മകമായ കർമ്മ വ്യവസ്ഥ സൃഷ്ടിക്കുന്നതിനും അതിലൂടെ നിലനില്പിനാവശ്യമായ വികസന ലക്ഷ്യം നേടുന്നതിനുള്ള നൂതന ആശയങ്ങൾ സ്റ്റാർട്ടപ്പുകളിൽ നിന്നും ലഭിക്കുകയും ചെയ്തു. കാലാവസ്ഥയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ, ദാരിദ്ര്യം ഇല്ലാതാക്കൽ, നിലനിൽക്കുന്ന നഗരങ്ങളും സമൂഹങ്ങളും, ചെലവ് കുറഞ്ഞ ശുദ്ധമായ ഊർജ്ജം, ഉപഭോഗത്തിലെ ഉത്തരവാദിത്വവും ഉല്പാദനവും, സമുദ്രങ്ങളും ജലാശയങ്ങളും സംരക്ഷിക്കൽ, ഭൂമിയുടെ സംരംക്ഷണം തുടങ്ങിയ വിഷയങ്ങളിലാണ് പരിഹാരങ്ങൾ ലഭിച്ചത്.
വിജയികളായ മൂന്ന് ടീമുകൾക്ക് അഞ്ച് ലക്ഷം രൂപ വീതവും, രണ്ടാം സ്ഥാനക്കാരായ ഏഴ് ടീമുകൾക്ക് 2 ലക്ഷം രൂപ വീതവും വിശിഷ്ടമായ ഒരു ആശയത്തിന് ഒരു ലക്ഷം രൂപയും ഉൾപ്പെടെ 30 ലക്ഷം രൂപ പാരിതോഷികമായി നൽകി.

## ആർത്ത സ്കെയിലപ് പരിപാടി

ആർത്ത സ്കൂൾ ഓഫ് എന്റർപ്രണർഷിപ്പുമായി സഹകരിച്ച് കേരള സ്റ്റാർട്ടപ്പ് മിഷൻ സ്കെയിലപ് പരിപാടി സംഘടിപ്പിച്ചു. മൂന്ന് സംഘങ്ങളായി സംഘടിപ്പിച്ച പരിപാടിയിൽ യഥാക്രമം 19, 16, 13 സ്റ്റാർട്ടപ്പുകൾ പങ്കെടുത്തു.

## നാസ്കോം – KSUM സ്റ്റാർട്ടപ്പ് സ്പ്രിംഗ് ബോർഡ് ആക്സിലറേറ്റർ പരിപാടി

നാസ്കോമുമായി സഹകരിച്ച് ഒരു ആക്സിലറേറ്റർ പരിപാടി സംഘടിപ്പിച്ചു. വിശദാംശം താഴെകാണും പ്രകാരമാണ്.



### ഫെയിൽ ഫാസ്റ്റ് ഓർ സക്സീഡ് (FFS) – പ്രീ ഇങ്കുബേഷൻ പരിപാടി

ആശയങ്ങൾ ഉള്ളവർക്ക് അവരുടെ ആശയം വിദഗ്ധർ വിലയിരുത്തുന്നതിനും ബിസിനസ് മാതൃക വികസിപ്പിക്കുന്നതിനും വിപണി വിലയിരുത്തുന്നതിനും ഉപഭോക്താക്കളെ മനസ്സിലാക്കുന്നതിനും ഉതകുന്ന വിവിധ സെഷനുകളും വിദഗ്ദോപദേശ സഹായം ലഭിക്കുന്നതിനുമാണ് കേരള സ്റ്റാർട്ടപ്പ് മിഷന്റെ ഫെയിൽ ഫാസ്റ്റ് ഓർ സക്സീഡ് എന്ന പ്രീ ഇങ്കുബേഷൻ പരിപാടിയിലൂടെ വിഭാവനം ചെയ്യുന്നത്. സ്ഥാപകരുടെ ആശയങ്ങൾ ആദ്യ മാതൃകയാക്കി വികസിപ്പിക്കുന്നതിനും ഉപഭോക്താക്കളെ മനസ്സിലാക്കുന്നതിനും ഈ പരിപാടി ലക്ഷ്യമിടുന്നു.
2022 ആഗസ്റ്റ് മുതൽ ഡിസംബർ വരെ നടന്ന 4-ാമത് ബാച്ചിൽ ലഭിച്ച 68 അപേക്ഷകരിൽ 62 പേരെ തെരഞ്ഞെടുക്കുകയും അതിൽ 42 പേർ തുടർന്നുവരികയുമാണ്. 2023 ഫെബ്രുവരിയിൽ ആരംഭിച്ച അഞ്ചാമത് ബാച്ചിലേക്ക് 73 അപേക്ഷകൾ ലഭിച്ചതിൽ 49 പേരെ തെരഞ്ഞെടുത്തു.

### മെന്റർ ഇൻസ്പയേർഡ് നെറ്റ് വർക്കിംഗ് ഓൺ ഡിമാന്റ് (MIND)

കേരളത്തിലെ സ്റ്റാർട്ടപ്പുകൾക്ക് മാർഗ്ഗദർശനത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിനും ആഗോളതലത്തിൽ മാർഗ്ഗനിർദ്ദേശകരുമായി ബന്ധപ്പെടുത്തുകയും ചെയ്യുകയാണ് MIND ലൂടെ ഉദ്ദേശിക്കുന്നത്. സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥയിലെ വിദഗ്ധരേയും മാർഗ്ഗദർശികളേയും നേരിട്ട് ബന്ധപ്പെടുത്തുന്നതിതിനുള്ള അവസരം ലഭ്യമാക്കി അനുഭവ സമ്പത്തുള്ള മാർഗ്ഗദർശികളിൽ നിന്നും അമൂല്യമായ ഉൾക്കാഴ്ചയും മാർഗ്ഗദർശനവും ലഭ്യമാക്കുക, മുന്നോട്ടുള്ള യാത്രയിൽ തുടർച്ചയായി ബന്ധപ്പെടുന്നതിനുള്ള സൗകര്യം ലഭ്യമാക്കുക എന്ന തരത്തിലാണ് ഈ പരിപാടി വിഭാവനം ചെയ്തിരിക്കുന്നത്. ഈ പരിപാടിയുടെ 3 പതിപ്പുകളാണ് റിപ്പോർട്ട് കാലയളവിൽ നടപ്പിലാക്കിയത്.

### ടെക്നോളജി ഇന്നവേഷൻ ഫെല്ലോഷിപ്പ് പരിപാടി 2022-23

കേരളത്തെ ആകർഷകമായ സാങ്കേതിക സ്റ്റാർട്ടപ്പ് കേന്ദ്രമായി മാറ്റുകയും പുതിയ സാങ്കേതിക വിദ്യകളിൽ നൈപുണ്യമുള്ളവരെ വളർത്തിയെടുക്കുന്നതിനുമായി സംസ്ഥാന സർക്കാർ കേരള സ്റ്റാർട്ടപ്പ് മിഷനിലൂടെ പരിജ്ഞാനമുള്ള പ്രൊഫഷണലുകൾക്കും തല്പരരായ യുവാക്കൾക്കും ആയി ടെക്നോളജി ഇന്നവേഷൻ ഫെലോഷിപ്പ് നടപ്പിലാക്കി വരുന്നു. ലക്ഷ്യം നേടുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട ഫെലോമാർ കേരള സ്റ്റാർട്ടപ്പ് മിഷൻ, മറ്റു സർക്കാർ സ്ഥാപനങ്ങൾ, വ്യാവസായ നേതാക്കൾ, മറ്റു ബന്ധപ്പെട്ടവർ എന്നിവരുമായി യോജിച്ച് പ്രവർത്തിക്കുന്നു. മാർഗ്ഗദർശം നൽകുന്നതിന് വേണ്ട ബന്ധങ്ങൾ സ്ഥാപിക്കുന്നതിനുമായി ഓരോ ഫെലോക്കും ഒരു മാർഗ്ഗദർശിയേയോ ആതിഥേയ സ്ഥാപനത്തിനേയോ നൽകുന്നു. ഫിൻടെക്, ഹെൽത്ത്ടെക് എന്നീ വിഷയങ്ങളിൽ ഓരോന്നും വീതം രണ്ട് സീനിയർ ഫെല്ലോമാരേയും കേരള സ്റ്റാർട്ടപ്പ് മിഷന്റെ റിങ്ക് എന്ന പരിപാടിയുടെ ഭാഗമായി ട്രാൻസിലേഷണൽ റിസർച്ച് മേഖലയിൽ മൂന്ന് ടെക്നോളജി ഇന്നവേഷൻ ഫെല്ലോമാരേയുമാണ് 2022-23 സാമ്പത്തിക വർഷം എടുത്തിരുന്നത്.

### മാനേജ്മെന്റ് ഡവലപ്മെന്റ് പരിപാടി

റിപ്പോർട്ട് സാമ്പത്തിക വർഷം അഞ്ച് മാനേജ്മെന്റ് ഡവലപ്മെന്റ് പരിപാടികളാണ് സംഘടിപ്പിച്ചത്. സ്കെയിലപ് സ്റ്റാറ്റാർട്ടപ്പുകൾക്കായി ഒരെണ്ണം IIM ബാംഗ്ലൂരുവിലും മറ്റു നാലെണ്ണം IIM കോഴിക്കോടുമാണ് സംഘടിപ്പിച്ചത്. വിശദാംശം താഴെകാണും പ്രകാരമാണ്.

Entrepreneurship Development Programme
for 26 Women Startup Founders
At IIM Kozhikode
28th Nov 2022 to 02 Dec 2022

Entrepreneurship Development Programme
For 25 Startup Founders
Online in Association with IIM Kozhikode
During March 11- April 29, 2022

Management Development Programme
For 23 Scaleup Startups
At IIM Bangalore
During 13 – 17 March 2023

Management Development Programme
For 28 IEDC Nodal Officers
At IIM Kozhikod
During 22.04.2022 to 25.04.2022

Management Development Programme
For 25 KSUM Employees
At IIM Kozhikod
During 2022-June 2,3,4 (Batch-I)
& 2022-June 7,8, 9 (Batch-II)

### സോഫ്റ്റ് വെയർ സംഭരണം

സ്റ്റാർട്ടപ്പുകൾക്ക് നൽകുന്നതിനായി റിപ്പോർട്ട് വർഷം അഡോബിന്റെ 20 ലൈസൻസുകൾ സംഭരിച്ചു.

**ഇന്നവേഷൻ ഗ്രാന്റ്**

നൂതനാശയങ്ങൾ പൂർണ്ണ രൂപത്തിലുള്ള സംരംഭമായി മാറ്റുന്നതിന് സ്റ്റാർട്ടപ്പുകൾക്കും സംരംഭകർക്കും സാമ്പത്തിക സഹായം നൽകുന്നതിനായി സംസ്ഥാന സർക്കാർ കേരള സ്റ്റാർട്ടപ്പ് മിഷനിലൂടെ ഇന്നവേഷൻ ഗ്രാന്റ് പദ്ധതി നടപ്പിലാക്കി വരുന്നു. സ്റ്റാർട്ടപ്പുകൾക്ക് 15 ലക്ഷം രൂപയും വനിതാ സ്റ്റാർട്ടപ്പുകൾക്ക് 20 ലക്ഷം രൂപയുമാണ് പരമാവധി ഇന്നവേഷൻ ഗ്രാന്റായി നൽകുന്നത്. ഇന്നവേറ്റർമാർക്ക് ലഭ്യമായ ഗ്രാന്റുകൾ താഴെപ്പറയുന്നവയാണ്.

1. **ഐഡിയ ഗ്രാന്റ്** – ആശയ രൂപീകരണ ഘട്ടത്തിലുള്ള സ്റ്റാർട്ടപ്പുകൾക്ക് വിപണിയിൽ നിലനിൽക്കുന്ന ഉൽപന്നമായി മാറ്റുന്നതിന് മൂന്ന് ലക്ഷം രൂപ വരെ

2. **പ്രോഡക്ടൈസേഷൻ ഗ്രാന്റ് –** വിപണിയിൽ നിലനിൽക്കുന്ന ഉൽപന്നത്തെ അന്തിമ ഉൽപന്നമാക്കി മാറ്റി വരുമാനം ലഭിച്ചു തുടങ്ങുവാനായി ഏഴുലക്ഷം രൂപ വരെ

3. **മാർക്കറ്റ് ആക്സിലറേഷൻ ഗ്രാന്റ് –** വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കുന്നതിന് സ്റ്റാർട്ടപ്പുകൾക്ക് 10 ലക്ഷം രൂപ വരെ

4. **സ്കെയിലപ് ഗ്രാന്റ് –** വരുമാനം വർദ്ധിപ്പിച്ച് അടുത്ത ഘട്ടത്തിലേക്ക് മാറുവാനായി സ്റ്റാർട്ടപ്പുകൾക്ക് 15 ലക്ഷം രൂപ വരെ

5. **ഐഡിയ ഗ്രാന്റ് (സ്റ്റുഡന്റ് ഇന്നവേറ്റർമാർക്ക്)** – ആശയ രൂപീകരണ ഘട്ടത്തിലുള്ള വിദ്യാർത്ഥികൾക്ക് ആശയം വിപണിയിൽ നിലനിൽക്കുന്ന ഉൽപന്നമായി മാറ്റുന്നതിന് 2 ലക്ഷം രൂപ വരെ

6. **വനിതകൾ/ട്രാൻസ്ജെൻഡറുകൾക്ക് പ്രോഡക്ടൈസേഷൻ ഗ്രാന്റ്** – വിപണിയിൽ നിലനിൽക്കുന്ന ഉല്പന്നമുള്ള വനിതകൾ അല്ലെങ്കിൽ ട്രാന്റ്സ്ജൻഡറുകൾക്ക് അന്തിമ ഉൽപന്നമാക്കി മാറ്റുന്നതിന് 12 ലക്ഷം രൂപ വരെ

2022–23 ലെ ഇന്നവേഷൻ ഗ്രാന്റ് സംബന്ധിച്ച വിശദാംശം താഴെ കാണും പ്രകാരമാണ്.




**ഗവേഷണ വികസന ഗ്രാന്റ്** (R&D Grant)

ഉന്നത സാങ്കേതിക വിദ്യ അടിസ്ഥാനമാക്കി നൂതനമായ അസാമാന്യ വിപണന സാധ്യതയുള്ള ഉല്പന്നങ്ങൾക്കായി പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകളെ ഉദ്ദേശിച്ചിട്ടുള്ള 30 ലക്ഷം രൂപ വരെയുള്ളതാണ് ഗവേഷണ വികസന ഗ്രാന്റ്. പ്രവർത്തന മാതൃകകൾ/ ഐ പി ലഭ്യമായതും അന്തിമമായ ഉൽപന്നമാക്കി മാറ്റുവാൻ ഗവേഷണ വികസന പ്രവർത്തനങ്ങൾ ആവശ്യവുമായ സ്റ്റാർട്ടപ്പുകൾക്ക് വേണ്ടിയുള്ളതാണ് ഈ ഗ്രാന്റ്. പ്രാഥമികമായി സാങ്കേതിക കൈമാറ്റത്തിനുള്ള സാമ്പത്തിക സഹായമാണ് എന്നാൽ മറ്റു സ്ഥാപനങ്ങളിൽ നിന്നുള്ള ഐപി അടിസ്ഥാനമായതോ നൂതനതയില്ലാത്തതോ ആയ പദ്ധതികൾക്ക് ഈ ഗ്രാന്റിന് അർഹതയില്ല. റിപ്പോർട്ട് കാലയളവിൽ 4 സ്റ്റാർട്ടപ്പുകൾക്കായി 65 ലക്ഷം രൂപയാണ് അനുവദിച്ചത്.

**ആദ്യകാല സീഡ് ഫണ്ടും സ്കെയിലപ് സീഡ് ഫണ്ടും**

മുൻകാലങ്ങളിലെ പോലെ റിപ്പോട്ട് കാലയളവിലും കേരള സ്റ്റാർട്ടപ്പ് മിഷൻ സ്റ്റാർട്ടപ്പുകൾക്ക് ഈട് ഇല്ലാതെ കുറഞ്ഞ പലിശ നിരക്കിലുള്ള വായ്പ അനുവദിച്ചു. അനുവദിച്ചതും വിതരണം ചെയ്ത വായ്പ സംബന്ധിച്ച വിശദാംശം താഴെകാണും പ്രകാരമാണ്.

**Seed Loan Sanctioned**

- Rs.2,15,00,000

**Seed Loan Released**

- Rs.1,17,50,000

**KFC വഴിയുള്ള വായ്പകൾക്ക് പലിശയിളവ്**

റിപ്പോർട്ട് കാലയളവിൽ 10 സ്റ്റാർട്ടപ്പുകൾക്ക് ലഭ്യമാക്കിയ വായ്പയിന്മേൽ 6.55 ലക്ഷം രൂപ പലിശയിളവായി KFC ക്ക് അനുവദിച്ചിട്ടുണ്ട്.

**പേറ്റന്റ് സഹായ പദ്ധതി**

സ്റ്റാർട്ടപ്പ്/വിദ്യാർത്ഥി സംരംഭകർക്ക് പേറ്റന്റിന് അപേക്ഷിക്കുന്നതിന് നൽകി വരുന്ന ധനസഹായം. വിദഗ്ദോപദേശത്തിനുൾപ്പെടെ ഭാരതീയ പേറ്റന്റിന് 2 ലക്ഷം രൂപ വരെയും അന്താരാഷ്ട്ര പേറ്റന്റിന് 10 ലക്ഷം രൂപ വരെയും ചെലവായ തുക തിരികെ നൽകുന്നതാണ് പദ്ധതി. അപേക്ഷ സമർപ്പിക്കൽ, തുടർ പ്രവർത്തനം, അവാർഡ് എന്നീ മൂന്ന് ഘട്ടങ്ങളിലാണ് സഹായം നൽകുന്നത്.
2022–23 വർഷം 9 ഭാരതീയ പേറ്റന്റും 3 അന്താരാഷ്ട്ര പേറ്റന്റും ഉൾപ്പെടെ 12 സ്റ്റാർട്ടപ്പുകൾക്കായി 22.11 ലക്ഷം രൂപ സഹായമായി അനുവദിച്ചിട്ടുണ്ട്.

**ഫണ്ട് ഓഫ് ഫണ്ട്**

സംസ്ഥാന സർക്കാരിന് വേണ്ടി കേരള സ്റ്റാർട്ടപ്പ് മിഷൻ ആരംഭിച്ച പദ്ധതിയാണ് കേരള സ്പെസിഫിക് ഏഞ്ചൽ ഫണ്ട് എന്ന് കൂടി അറിയപ്പെടുന്ന ഫണ്ട് ഓഫ് ഫണ്ട് പദ്ധതി. ഇത്തരത്തിലെ ആദ്യ സംരംഭമായ ഈ പദ്ധതിയിൽ സെബി അംഗീകാരമുള്ള ഫണ്ടുകളിൽ കേരള സ്റ്റാർട്ടപ്പ് മിഷൻ നിശ്ചിത പങ്കാളിയാകുന്നു. റിപ്പോർട്ട് കാലയളവിൽ ഫണ്ട് ഓഫ് ഫണ്ട് പദ്ധതിയിലെ മൂന്നാം ഘട്ടത്തിനായി താൽപര്യപത്രം ക്ഷണിച്ച് സെബി അംഗീകാരമുള്ള 6 ഫണ്ടുകളെ തെരഞ്ഞെടുക്കുകയും ചെയ്തു. ഈ ആറു ഫണ്ടുകൾ ആകെ സ്വരൂപീക്കുന്ന 2355 കോടി രൂപയും കേരള സ്റ്റാർട്ടപ്പ് മിഷൻ ഈ ഫണ്ടുകളിൽ അഞ്ച് വർഷങ്ങളിലായി നിക്ഷേപിക്കാനുദ്ദേശിക്കുന്നത് 150 കോടി രൂപയുമാണ്.
മൂന്നാം ഘട്ടത്തിൽ തെരഞ്ഞെടുത്ത ഫണ്ടുകൾ താഴെപ്പറയുന്നവയാണ്.

| Sl. No. | Name of the Fund | Thrust Areas | Total Corpus (with Green Shoe Options) (Rs in Crores) |
|---|---|---|---|
| 1 | Unicorn India Venture Fund III | Tech Startups- Sector Agnostic | 1000 |
| 2 | Indian Angel Network Alpha Fund | Tech Startups- Sector Agnostic | 1000 |
| 3 | Speciale Invest Growth Fund I | Space Tech, Deep Tech & Climate Tech | 200 |
| 4 | SEA Fund Venture India Scheme I | Healthtech, Fintech, Deeptech | 250 |
| 5 | Transition Venture Capital *(New)* | Climate Tech, Renewable Energy | 450 |
| 6 | AWE Early Growth Fund I *(New)* | Sector agnostic (women oriented) | 455 |
| | **TOTAL** | | **2355** |

കേരള സ്റ്റാർട്ടപ്പ് മിഷന്റെ ഫണ്ട് ഓഫ് ഫണ്ട് പദ്ധതിയുടെ ആകെ പ്രകടനം താഴെപ്പറയും പ്രകാരമാണ്

1. Total Rounds of participation - 2 *(2017 & 2019)*
2. Total Corpus created by AIFs - ₹911.67 Crores*
3. Total Commitment by KSUM - ₹51.5 Crores
4. Total Released by KSUM - ₹46.14 Crores
5. Total Investments made in Kerala Startups - ₹86.55 Crores
6. Total Kerala Startups Supported - 28
7. The valuation of Kerala startups who raised funds through FoF - ₹839.25 Crores**

8. Total Distribution received till date - ₹22.35 Crores

**ഗവൺമെന്റ് ആസ് എ മാർക്കറ്റ് പ്ലേസ്**

ലഘൂകരിച്ച നടപടിക്രമങ്ങളിലൂടെ സർക്കാർ വകുപ്പുകൾ സ്ഥാപനങ്ങൾ, പൊതു മേഖലാ സ്ഥാപനങ്ങൾ എന്നിവയ്ക്കാവശ്യമായ സേവനങ്ങളും ഉൽപ്പന്നങ്ങളും സ്റ്റാർട്ടപ്പുകളിൽ നിന്ന് സംഭരിക്കുക എന്നതാണ് പദ്ധതി. 2022–23 സാമ്പത്തിക വർഷം 63 വകുപ്പുകൾ/ ഏജൻസികൾക്കായി 61 സ്റ്റാർട്ടപ്പുകളിൽ നിന്നും 77 പദ്ധതികളാണ് കേരള സ്റ്റാർട്ടപ്പ് മിഷൻ സംഘടിപ്പിച്ചത്. അതിൽ 45 എണ്ണം താൽപര്യപത്രത്തിലൂടെയും 32 എണ്ണം നേരിട്ട് വാങ്ങുകയുമാണ് ചെയ്തത്. ഇതിന്റെ ആകെ മൂല്യം 9.21 കോടി രൂപയാണ്.

**ഹഡിൽ ഗ്ലോബൽ**

രാജ്യത്ത് ഏറ്റവുമധികം സ്റ്റാർട്ടപ്പുകൾ പങ്കെടുക്കുന്ന പരിപാടിയായ ഹഡിലിന്റെ അഞ്ചാമത് പതിപ്പാണ് ഹഡിൽ ഗ്ലോബൽ 2022. 2022 ഡിസംബർ 15,16 തീയതികളിൽ തിരുവനന്തപുരത്ത് നടന്ന ഹഡിൽ ഗ്ലോബലിൽ 5000 ലധികം പേർ പങ്കെടുത്തു. 100 ലധികം നിക്ഷേപകർ 150 ലധികം മെന്റർമാർ, 200 ലധികം സർക്കാർ ഉദ്യോഗസ്ഥർ, 30 ലധികം മീഡിയ പ്രതിനിധികൾ, 1500 ലധികം സ്റ്റാർട്ടപ്പുകൾ, സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയിലെ മറ്റു ബന്ധപ്പെട്ടവർ എന്നിവരാണ് ഹഡിൽ ഗ്ലോബലിൽ പങ്കെടുത്തവർ. രാജ്യത്തിന് പുറത്തുള്ള സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥയിൽ നിന്നും ബന്ധപ്പെട്ടവർ പങ്കെടുത്തത് ഈ പരിപാടിയുടെ മുഖ്യ ആകർഷകമായി. ഇത് സ്റ്റാർട്ടപ്പുകൾക്ക് അവരുടെ സംരംഭ വികസനത്തിനുള്ള അവസരം ഒരുക്കി. ബഹു കേരള മുഖ്യമന്ത്രിയാണ് പരിപാടി ഉത്ഘാടനം ചെയ്തത്.



സാമൂഹ്യ സംരംഭകരുടെ റൌണ്ട് ടേബിൾ, വീ ഫൗണ്ടർ സർക്കിൾ & യൂനസ് ഫൗണ്ടേഷനുമായി ധാരണാപത്രം ഒപ്പുവക്കൽ, യൂണിക്കോൺ ആ കുന്നതിനു മുൻപും പിൻപും – പാനൽ ചർച്ച, ഹഡിൽ ഗ്ലോബലിൽ ഫിൻടെക് ചർച്ച, മാട്രിമോണി സ്ഥാപകന്റെ പ്രഭാഷണം, നിക്ഷേപം സംബന്ധിച്ച പാനൽ ചർച്ച, സർക്കാരിലും സ്റ്റാർട്ടപ്പുകളിലുമുള്ള സംഭരണം സംബന്ധിച്ച ചർച്ച, പിച്ച് ഇറ്റ് റൈറ്റ്, ടൈഗേഴ്സ് ക്ലാ, സീസൈഡ് ഹഡിൽ, നിക്ഷേപകരുടെ ലോഞ്ച്, സ്റ്റാർട്ടപ്പ് റെയ്സിംഗ് ഡൈം, സ്റ്റാർട്ടപ്പ് നിക്ഷേപകരിലെ വനിതകൾ, കേരള സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥയിലെ നിക്ഷേപം, പവ്വർ ടാക്ക്, സ്റ്റാർട്ടപ്പ് നിക്ഷേപത്തിനുള്ള ചെക്ക് ലിസ്റ്റ്, ഫസ്റ്റ് ചെക്ക്, അനന്തരഫലമുള്ള ഇടപെടൽ, സ്റ്റാർട്ടപ്പുകൾക്കുള്ള നിയമപരമായ കാര്യങ്ങൾ, ഇടപാട് അവസാനിപ്പിക്കൽ, സ്റ്റാർട്ടപ്പ് ഉല്പന്നങ്ങളുടെ പ്രദർശനം, സമാപന സമ്മേളനം, സ്റ്റാർട്ടപ്പ് അവാർഡ്, വിവിധ പാനൽ ചർച്ചകൾ എന്നിവ പരിപാടിയുടെ ഭാഗമായി.

**സീഡിംഗ് കേരള**

കേരളത്തിലെ മികച്ച സ്റ്റാർട്ടപ്പുകൾക്ക് നിക്ഷേപം ലഭ്യമാക്കുന്നതിനുള്ള അവസരം സൃഷ്ടിക്കുന്നതിനായി ദേശീയ തലത്തിലുള്ള നിക്ഷേപകർ, കേരളത്തിലെ ഉയർന്ന ശേഷിയുള്ള വ്യക്തഗത നിക്ഷേപകർ എന്നിവരെ ബന്ധപ്പെടുത്തി കേരള സ്റ്റാർട്ടപ്പ് മിഷൻ സംഘടിപ്പിച്ച സമാനതകളില്ലാത്ത പരിപാടിയാണ് സീഡിംഗ് കേരള 2023. ഇതിന്റെ 8–ാമത് പതിപ്പ് 2023 മാർച്ച് 7–ാം തീയതി സംഘടിപ്പിച്ചു. നേതൃനിരയിലുള്ള നിക്ഷേപകർ, ഉയർന്ന ശേഷിയുള്ള വ്യക്തിഗത നിക്ഷേപകർ, സ്റ്റാർട്ടപ്പ് ആവസവ്യവസ്ഥയിലെ വിദഗ്ധർ, സർക്കാർ ഉദ്യോഗസ്ഥർ, പ്രധാനപ്പെട്ട എല്ലാ ഏഞ്ചൽ ശൃംഖലകളുടെയും പ്രതിനിധികൾ എന്നിവരെ ഏകോപിപ്പിച്ച് പ്രസ്തുത പരിപാടി വിജയകരമായി സംഘടിപ്പിച്ചു. പങ്കെടുത്തവർക്ക് ഗുണകരമായ വിവിധ വിഷയങ്ങളിലുള്ള ചർച്ചകൾ ഏഞ്ചൽ ശൃംഖലകളിൽ നിന്നുള്ളവരും വ്യാവസായ പങ്കാളികളും നടത്തിയതിലൂടെ സമ്മേളനം ശ്രദ്ധേയമായി. നിക്ഷേപകരേയും വ്യാവസായിക ചിന്തകരേയും ഒരുമിപ്പിക്കുന്നതിനുതകുന്ന പ്രത്യേക വിഷയങ്ങളിലുള്ള ചർച്ചകളും പ്രഭാഷണങ്ങളും പരിപാടിയുടെ ഭാഗമായി.

പ്രധാന പരിപാടി കൂടാതെ ബന്ധപ്പെട്ടവരുടെ വട്ടമേശ സമ്മേളനം, ഉയർന്ന ശേഷിയുള്ള നിക്ഷേപിക്കാവുന്ന വളർന്നു വരുന്ന സ്റ്റാർട്ടപ്പുകളെ കണ്ടെത്തൽ സംബന്ധിച്ച നിക്ഷേപ മാസ്റ്റർക്ലാസ്, ഭാവി സാങ്കേതികയിൽ

നിക്ഷേപം, പരമ്പരാഗത നിക്ഷേപവും സ്റ്റാർട്ടപ്പുകളിലെ നിക്ഷേപവും സംബന്ധിച്ച് ചർച്ച, വെഞ്ച്വർ ക്യാപ്പിറ്റലിസ്റ്റുകളുടെയും ഏഞ്ചൽ നിക്ഷേപകരുടെയും മുന്നിൽ അവതരണം, ഉയർന്ന ശേഷിയുള്ള വ്യക്തിഗത നിക്ഷേപകരെ സ്വാഗതം ചെയ്യൽ, മികച്ച ലാഭകരമായ സംരംഭം, ഫയർസൈഡ് ചാറ്റ്, സ്റ്റാർട്ടപ്പിലെ നിക്ഷേപം, വളർച്ച, പിൻവാങ്ങൽ സംബന്ധിച്ച പാനൽ ചർച്ച, സ്റ്റാർട്ടപ്പ് നിക്ഷേപങ്ങളിലെ ലിംഗ വിവേചനം പാനൽ – ചർച്ച, How the Shark Was Hooked ചർച്ച, സ്റ്റാർട്ടപ്പിന്റെ ഏഞ്ചൽ നിക്ഷേപകരിലേക്കുള്ള യാത്ര– ചർച്ച, ഏഞ്ചൽ നിക്ഷേപകർ സ്റ്റാർട്ടപ്പുകളിൽ നിക്ഷേപിക്കുന്നവിധം സംബന്ധിച്ച ക്ലാസ്, ഏഞ്ചൽ നിക്ഷേപം സംബന്ധിച്ച ചർച്ച, സ്റ്റാർട്ടപ്പ് ഓഹരി നിക്ഷേപങ്ങളിലെ അപകട സാധ്യതയും ആനുകൂല്യങ്ങളും സംബന്ധിച്ച പാനൽ ചർച്ച, വെഞ്ച്വർ ക്യാപിറ്റലിസ്റ്റുകളുടെ വീക്ഷണത്തിൽ സ്റ്റാർട്ടപ്പുകളുടെ മൂല്യം കണക്കാക്കൽ തുടങ്ങിയവയും പരിപാടിയുടെ ഭാഗമായിരുന്നു.

**ഹെൽത്ത് ടെക് സമ്മിറ്റ്**

കേരള സ്റ്റാർട്ടപ്പ് മിഷനും ആരോഗ്യ വകുപ്പും കാരിത്തസ് ആശുപത്രിയും സംയുക്തമായാണ് 2022 ജൂൺ 24 ന് ഹെൽത്ത് കെയർ സമ്മിറ്റ് 2022 സംഘടിപ്പിച്ചത്. സംസ്ഥാന ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് മന്ത്രി ശ്രീമതി വീണ ജോർജ്ജാണ് പരിപാടി ഉത്ഘാടനം ചെയ്തത്. 600 ലധികം സ്റ്റാർട്ടപ്പുകൾ, 185 ലധികം ആശുപത്രികൾ 35 ലധികം പ്രഭാഷകർ, 5 നിക്ഷേപകർ തുടങ്ങിയവർ പങ്കെടുത്തു. സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, സംസ്ഥാന ഡിജിറ്റൽ ഹെൽത്ത് മിഷൻ, TIMED എന്നിവർ പരിപാടിയുമായി സഹകരിച്ചു.

ആശുപത്രികൾ, ആരോഗ്യ രംഗത്തെ പ്രൊഫഷണലുകൾ, സ്റ്റാർട്ടപ്പുകൾ, നിക്ഷേപകർ, സർക്കാർ നയം രൂപീകരിക്കുന്നവർ എന്നിവരെ ഒരു കുടക്കീഴിൽ അണിനിരത്തിയ പരിപാടി ഇത്തരത്തിൽ ആദ്യമായാണ് സംസ്ഥാനത്ത് സംഘടിപ്പിച്ചത്. സാങ്കേതികതയുടേയും ഡിജിറ്റൽ സാഹചര്യങ്ങളുടേയും പ്രയോജനം ആശുപത്രികൾക്ക് ലഭ്യമാക്കുക എന്നതിലാണ് പരിപാടിയുടെ ഊന്നൽ. രോഗികളുടെ പരിചരണത്തിൽ ആരോഗ്യ സംരംക്ഷണ നൂതനതയുടേയും ഡിജിറ്റൽ സാങ്കേതികതയുടെ സ്വാധീനം, ആരോഗ്യ സംരംക്ഷണ ഡാറ്റയും അനലിറ്റിക്സും പ്രയോജനപ്പെടുത്തൽ, ആരോഗ്യ സംരംക്ഷണ മേഖലയിലെ നിക്ഷേപം എന്നിവ സംബന്ധിച്ച ചർച്ചകളും പരിപാടിയുടെ ഭാഗമായി. ആശുപത്രി, മറ്റു ആരോഗ്യ സംരക്ഷണ സ്ഥാപനങ്ങൾ എന്നിവയുടെ ഭരണ കർത്താക്കളുടെ മുമ്പാകെ ഉൽപ്പന്നങ്ങളും സേവനങ്ങളും അവതരിപ്പിക്കുന്നതിനുള്ള അവസരം സ്റ്റാർട്ടപ്പുകൾക്കും ലഭ്യമായി.

**റൂറൽ ഇന്ത്യ ബിസിനസ് കോൺക്ലേവ്**

ഈ പരിപാടിയുടെ രണ്ടാമത് പതിപ്പ് കേരള സ്റ്റാർട്ടപ്പ് മിഷനും CPCRI യും സംയുക്തമായി 2022 ജൂൺ 9 മുതൽ 13 വരെ സംഘടിപ്പിച്ചു. ഭാരതത്തിന്റെ ജീവൻ ഗ്രാമങ്ങളിലാണെന്ന് പകർച്ചവ്യാധി കാലഘട്ടത്തിലെ കരുത്തുള്ള ഗ്രാമീണ സാമ്പത്തിക മേഖല ഒരിക്കൽ കൂടി തെളിയിച്ചു. ഗ്രാമീണ ജനതക്ക് തടസ്സമില്ലാതെ ധനം, നൂതന ബിസിനസ്സ് മാതൃക, സാങ്കേതികത എന്നിവ ലഭ്യമാക്കേണ്ടത് അവരെക്കൂടി ഉൾക്കൊള്ളുന്ന വികസനത്തിന് ആവശ്യമാണ്. ഈ കാഴ്ചപ്പാടിലാണ് ഉപജീവനത്തിന് സംരംഭകത്വത്തിനും അനുകൂലായി ഗ്രാമീണ മേഖലയെ മാറ്റുന്നതിനായി കല്പ അഗ്രി ബിസിനസ്സ് ഇങ്കുബേറ്റർ ആരംഭിച്ചത്. ICAR– CPCRI യും കേരള സ്റ്റാർട്ടപ്പ് മിഷനും സംയുക്തമായാണ് 2020 മുതൽ റൂറൽ ഇന്ത്യ ബിസിനസ്സ് കോൺക്ലേവ് സംഘടിപ്പിച്ചുവരുന്നത്.

**ഫിൻടെക് സമ്മിറ്റ്**

ധനകാര്യ മേഖലയുമായി ബന്ധപ്പെട്ട എല്ലാ മേഖലകളിലും സ്വാധീനമുള്ള നൂതന സാങ്കേതിക വിദ്യയുടെ സാമ്പത്തിക സേവനങ്ങളിൽ മാറ്റം വരുത്തുന്ന കമ്പനികളെ കൂട്ടിയിണക്കിയാണ് ഫിൻടെക് സമ്മിറ്റ് 2022 സംഘടിപ്പിച്ചത്. 2022 മേയ് അഞ്ചിന് കൊച്ചി ക്രൌൺ പ്ലാസയിൽ കേരള സ്റ്റാർട്ടപ്പ് മിഷനും ഇന്ത്യൻ ചേമ്പർ ഓഫ് കൊമേഴ്സും സംയുക്തമായി ഇത് സംഘടിപ്പിച്ചു.

ധനകാര്യ സാങ്കേതിക വ്യവസായത്തിന്റെ കാര്യമായ വളർച്ചക്ക് കഴിഞ്ഞ ദശകം സാക്ഷ്യം വഹിച്ചു. ആഗോള വിപണിയിലെ ഇതിന്റെ മൂല്യം 7.3 ലക്ഷം കോടി ഡോളറായാണ് 2020 ൽ വിലയിരുത്തിയത്. സാങ്കേതികത അടിസ്ഥാനമാക്കിയ സേവനങ്ങളും, സർക്കാർ നിയന്ത്രണങ്ങളിലെ അനുകൂല സമീപനങ്ങളും ഇന്റർനെറ്റ് ഓഫ് തിംഗ്സ് ഉപകരണങ്ങളുടെ ഉൾക്കൊള്ളലും കണക്കിലെടുത്ത് വിപണിയും ഗവേഷണവും 26.87 ശതമാനം വാർഷിക വളർച്ചയും ഈ മേഖലയിൽ പ്രതീക്ഷിക്കുന്നു.

**ബിഗ് ഡെമോ ഡേ 7.0**

ബന്ധപ്പെട്ടവരുടേയും പൊതുജനങ്ങളുടേയും മുമ്പാകെ നൂതനമായ ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനുള്ള അവസരം സ്റ്റാർട്ടപ്പുകൾക്ക് നൽകുന്നതിനാണ് കേരള സ്റ്റാർട്ടപ്പ് മിഷൻ ബിഗ് ഡെമോ ഡേകൾ സംഘടിപ്പിക്കുന്നത്. സ്റ്റാർട്ടപ്പുകൾക്ക് അവരുടെ ബിസിനസ്സിന് അനുയോജ്യമായ ഒരു ആവാസ വ്യവസ്ഥ സൃഷ്ടിക്കുന്നതിന് ഇത് വഴിയൊരുക്കും. തെരഞ്ഞെടുത്ത സ്റ്റാർട്ടപ്പുകൾക്ക് അവരുടെ ഉല്പന്നങ്ങളും വ്യാവസായിക പ്രശ്നങ്ങൾക്കുള്ള പരിഹാരങ്ങളും പ്രദർശിപ്പിക്കുന്നതിനും വ്യാവസായിക നേതൃസ്ഥാനത്തുള്ളവർക്കും നിക്ഷേപകർക്കും പൊതു മേഖല സ്ഥാപനങ്ങൾ സർക്കാർ വകുപ്പുകൾ എന്നിവരുമായി ബന്ധം സ്ഥാപിക്കുന്നതിനുമായി ഒരു വെർച്വൽ പ്ലാറ്റ് ഫോമിലൂടെയാണ് ബിഗ് ഡെമോ ഡേ സംഘടിപ്പിക്കുന്നത്. സ്റ്റാർട്ടപ്പുകൾക്ക് വിപണി സാധ്യമാക്കുന്നതിനുപരി കേരള സ്റ്റാർട്ടപ്പ് മിഷൻ മുന്നോട്ട് വെക്കുന്ന നൂതനതയും സാങ്കേതികതയും പൊതു ജനങ്ങളിലെത്തിക്കുന്നതിനും കൂടിയാണ് ബിഗ് ഡെമോ ഡേകൾ സംഘടിപ്പിക്കുന്നത്.

2022 ജൂലൈ 6 ന് സംഘടിപ്പിച്ച ബിഗ് ഡെമോ ഡേ 7.0 അഗ്രിടെക് മേഖലയിലാണ്. പ്രസ്തുത മേഖലയിലെ 10 സ്റ്റാർട്ടപ്പുകൾക്ക് നിക്ഷേപകരുമായും സർക്കാർ ഉദ്യോഗസ്ഥരുമായും ബന്ധപ്പെടുന്നതിന് അവസരം ലഭിച്ചു. NABARD, IKP Knowledge Park, ESAF Small Finance Bank, കാർഷിക സർവ്വകലാശാല എന്നിവരും ഈ പരിപാടിയിൽ പങ്കെടുത്തു. DFAN മലബാർ ഏഞ്ചൽ നെറ്റ് വർക്ക്, ഇൻഡ്യൻ ഏഞ്ചൽ നെറ്റ് വർക്ക്, ബൻസായി 10 ഇൻവെസ്റ്റ്മെന്റ് വെഞ്ച്വേഴ്സ് എന്നിവയാണ് നിക്ഷേപ മേഖലയിൽ നിന്നും പങ്കെടുത്ത പ്രമുഖർ. കൂടാതെ നിരവധി വ്യവസായ വിദഗ്ധരും പ്രബല ഉപഭോക്താക്കളും അവരുടെ ബിസിനസ്സ് സാധ്യതകൾ സ്റ്റാർട്ടപ്പുകളുമായി പങ്ക് വച്ചു. ആസ്ട്രേലിയ ആന്റ് ഫാർ ഈസ്റ്റ് ആക്സസ് വെബിനാറും ഈ പരിപാടിയുടെ സമാന്തരമായി സംഘടിപ്പിച്ചു. ബിഗ് ഡെമോ ഡേയിൽ പങ്കെടുത്തവരെ സംബന്ധിച്ച വിശദാംശം താഴെകാണും പ്രകാരമാണ്.




**ബിഗ് ഡെമോ ഡേ 8.0**

സാങ്കേതികതയിലൂന്നി മുന്നേറ്റം ആവശ്യമായതും രാജ്യത്തിന്റെ സാമ്പത്തിക സ്ഥിതിയിലെ പ്രധാന ഘടകവുമായ ഫിൻടെക് വിഭാഗത്തിനായാണ് 2022 ഒക്ടോബറിൽ ബിഗ് ഡെമോ ഡേ 8.0 സംഘടിപ്പിച്ചത്. പ്രസ്തുത വിഭാഗത്തിലുള്ള 11 സ്റ്റാർട്ടപ്പുകൾക്ക് ബാങ്കുകൾ, നിക്ഷേപകർ, മാർഗ്ഗദർശികൾ, സർക്കാർ ഉദ്യോഗസ്ഥർ, മറ്റ് ബന്ധപ്പെട്ടവർ എന്നിവരുമായി സംവദിക്കാനുള്ള അവസരം ലഭ്യമായി. പ്രമുഖരായ 21 സ്ഥാപനങ്ങളുമായി സംയുക്തമായാണ് ഈ പരിപാടി കേരള സ്റ്റാർട്ടപ്പ് മിഷൻ സംഘടിപ്പിച്ചത്. സിങ്കപ്പൂർ ഫിൻടെക് അസോസിയേഷൻ, ചിരാതെ വെഞ്ച്വേഴ്സ്, ESAF സ്മാൾ ഫിനാൻസിംഗ് ബാങ്ക്, ഓപ്പൺ, IAMAI തുടങ്ങിയവരായിരുന്നു പങ്കാളികളും ആഗോള ഫിൻടെക് ആവാസ വ്യവസ്ഥ സംബന്ധിച്ച വെബിനാറും സമാന്തരമായി സംഘടിപ്പിച്ചു. ബിഗ് ഡെമോ ഡേ 8.0 യിലെ സന്ദർശകരെ സംബന്ധിച്ച വിശദാംശം താഴെകാണും പ്രകാരമാണ്.




**കൊച്ചി ഡിസൈൻ വീക്ക് 2022**

നല്ലൊരു നാളെക്കുവേണ്ടി മാറ്റത്തിനും, സങ്കല്പത്തിനും ആശയ രൂപീകരണത്തിനും നൂതനതക്കും, രൂപകല്പനയിലും പ്രവർത്തിക്കുന്ന ലോകത്തെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പ്രവർത്തകർ ഒത്തുചേർന്ന് ഭാരതത്തിലെ ഏറ്റവും വലിയ ഡിസൈൻ വീക്ക് സംഘടിപ്പിച്ചത് കൊച്ചിയിലാണ്. പങ്കെടുത്തവർക്ക് ഉത്തേജകവും വൈകാരികവുമായ അനുഭവമായിരുന്നു കൊച്ചി ഡിസൈൻ വീക്ക്. 2022 ഡിസംബർ 16-19 വരെ കേരള സ്റ്റാർട്ടപ്പ് മിഷൻ സംഘടിപ്പിച്ച കൊച്ചി ഡിസൈൻ വീക്ക് 2022 ശ്രദ്ധേയമായ പരിപാടിയായി.

**പങ്കെടുത്ത അന്തർദേശീയ പരിപാടികൾ**

**ജൈറ്റക്സ് ഗ്ലോബൽ 2022**

2022 ഒക്ടോബർ 10 മുതൽ 14 വരെ ദുബായിൽ നടന്ന ജൈറ്റക്സ് ഗ്ലോബൽ 2022 ന് കേരള സ്റ്റാർട്ടപ്പ് മിഷൻ 40 സ്റ്റാർട്ടപ്പുകളെ പങ്കെടുപ്പിച്ചു. വിപണനം കൂടാതെ നിക്ഷേപത്തിനുള്ള സാധ്യതകളും പങ്കെടുത്ത സ്റ്റാർട്ടപ്പുകൾക്ക് ലഭിച്ചു. പരിപാടിയുടെ ഭാഗമായി കേരള സ്റ്റാർട്ടപ്പ് മിഷൻ സംഘടിപ്പിച്ച ഇന്ത്യാ സ്റ്റാർട്ടപ്പ് കോൺഫ്ലുവൻസ് നിക്ഷേപകരേയും വിദേശ ഇന്ത്യാക്കാരെയും അകർഷിച്ചു. സ്റ്റാർട്ടപ്പുകൾക്ക് ആഗോള തലത്തിലെ വികസനത്തിന് സഹായം നൽകുമെന്ന് ദുബായ്, അബുദാബി, ഷാർജ എന്നിവിടങ്ങളിൽ നിന്നും പങ്കെടുത്ത ആവാസ വ്യവസ്ഥയിലെ പ്രതിനിധികൾ വാഗ്ദാനം ചെയ്തു. പരിപാടി ഉത്ഘാടനം ചെയ്തത് ദുബായിലെ കോൺസൽ ജനറലാണ്. ഷാർജ റിസർച്ച് ആന്റ് ടെക്നോളജി പാർക്കിലേക്ക് ഒരു സന്ദർശനവും കേരള സ്റ്റാർട്ടപ്പ് മിഷൻ ഒരുക്കി. അതിൽ പങ്കെടുത്ത 35 സ്റ്റാർട്ടപ്പുകൾക്ക് ഷാർജ സർക്കാർ സ്റ്റാർട്ടപ്പുകൾക്ക് നൽകുന്ന സൌകര്യങ്ങൾ

സംബന്ധിച്ച് മനസ്സിലാക്കാൻ സാധിച്ചു. കേരള സ്റ്റാർട്ടപ്പ് മിഷനും MIZONE മായി സഹകരിച്ച് വിദേശ ഇന്ത്യാക്കാർക്കായി ഒരു മാസ്റ്റർ ക്ലാസ്സും സംഘടിപ്പിച്ചു. സാങ്കേതിക സ്റ്റാർട്ടപ്പുകളിലെ നിക്ഷേപം സംബന്ധിച്ച് പങ്കെടുത്ത 40 വിദേശ ഇന്ത്യാക്കാർക്ക് അറിവും നൽകി. കോൺസുലേറ്റ് സംഘടിപ്പിച്ച എലിവേറ്റ് പരിപാടിയിൽ കേരള സ്റ്റാർട്ടപ്പ് മിഷനിൽ നിന്നുള്ള 12 സ്റ്റാർട്ടപ്പുകൾ പങ്കെടുത്തു.

**സ്ലഷ് 2022**

2022 നവംബർ 17, 8 തീയതികളിൽ ഫിൻലൻഡിലെ ഹെൽസിങ്കയിൽ നടന്ന സ്ലഷ് 2022 ൽ കേരളത്തിൽ നിന്നുള്ള 2 സ്റ്റാർട്ടപ്പുകളെ പങ്കെടുപ്പിച്ചു. വെഞ്ചർ ക്യാപിറ്റലിസ്റ്റുകൾ, ആദ്യ ഘട്ട സ്റ്റാർട്ടപ്പുകൾ അന്താരാഷ്ട്ര മാധ്യമ പ്രതിനിധികൾ ഫൊർച്ച്യൂൺ 500 കമ്പനികളുടെ പ്രതിനിധികൾ തുടങ്ങി 12000 ത്തോളം സംരംഭകരെ ഒന്നിപ്പിച്ച പരിപാടിയാണ് സ്ലഷ് 2022. ഒരു അന്താരാഷ്ട്ര പരിപാടി സംഘടിപ്പിക്കുന്നതിനാവശ്യമായ വൈദഗ്ധ്യം ലഭിക്കുക. ആഗോള തലത്തിലെ സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥയിലെ സാങ്കേതിക മുന്നേറ്റത്തെ സംബന്ധിച്ച അറിവ് ലഭിക്കുക എന്നതായിരുന്നു പരിപാടിയിൽ പങ്കെടുത്തതിന്റെ ഉദ്ദേശ്യം. ഇലക്ട്രോണിക്സും വിവര സാങ്കേതിക വിദ്യയും വകുപ്പ് സെക്രട്ടറിയും കേരള സ്റ്റാർട്ടപ്പ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും പങ്കെടുത്തു.

**ഓസ്ട്രിയ സ്റ്റാർട്ടപ്പ് ഡെലിഗേഷൻ**

കേരള സ്റ്റാർട്ടപ്പ് മിഷനും ഓസ്ട്രിയൻ എംബസിയുടെ അഡ്വാന്റേജ് ഓസ്ട്രിയയും സംയുക്തമായി സി കർവ് സ്റ്റാർട്ടപ്പ് ലാബുമായി ബന്ധപ്പെട്ട് 2023 മാർച്ച് 13 മുതൽ 18 വരെ വിയന്ന സാൽസ്ബർഗ്, ഇന്സ്ബ്രൂർക്ക് എന്നിവിടങ്ങളിലായി സംഘടിപ്പിച്ച പരിപാടിയാണ് ഓസ്ട്രിയ സ്റ്റാർട്ടപ്പ് ഡെലിഗേഷൻ. ഇന്ത്യൻ ഓസ്ട്രിയ സ്റ്റാർട്ടപ്പുകൾ നിക്ഷേപകർ മറ്റു ബന്ധപ്പെട്ടവർ എന്നിവരെ തമ്മിൽ ബന്ധിപ്പിക്കുന്നതായിരുന്നു ലക്ഷ്യം. ഓസ്ട്രിയയിലും യൂറോപ്പിലുമായി വികസിപ്പിക്കാനാഗ്രഹിക്കുന്ന 6 സ്റ്റാർട്ടപ്പുകളെയാണ് പങ്കെടുപ്പിച്ചത്. പരിപാടിയുടെ ഭാഗമായി സംഘടിപ്പിച്ച സാൽസ് 21 ഉം സ്പൈക്ക് ഇന്നവേഷൻ പരിപാടികളിലും സ്റ്റാർട്ടപ്പുകൾ പങ്കെടുത്തു. ഓസ്ട്രിയയിലെ സ്റ്റാർട്ടപ്പുകൾ, മെന്റർമാർ, നിക്ഷേപകർ എന്നിവരുമായി ബന്ധപ്പെടുന്നതിനുള്ള അവസരം ഇതിലൂടെ സ്റ്റാർട്ടപ്പുകൾക്ക് ലഭിച്ചു.

**മൊബൈൽ വേൾഡ് കോൺഗ്രസ്**

കണക്ടിവിറ്റിയുമായി ബന്ധപ്പെട്ട ആവാസ വ്യവസ്ഥയിലെ ഏറ്റവും വലുതും സ്വാധീനം ചെലുത്തുന്നതുമായ പരിപാടിയായ മൊബൈൽ വേൾഡ് കോൺഗ്രസ് 2023 ഫെബ്രുവരി 27 മുതൽ മാർച്ച് 2 വരെ ബാഴ്സലോണയിലാണ് നടന്നത്. ആഗോള മൊബൈൽ ദാതാക്കൾ, ഉപകരണം നിർമ്മിക്കുന്നവർ, സാങ്കേതികത നൽകുന്നവർ, ഉപഭോക്താക്കൾ, ഉള്ളടക്കത്തിന്റെ ഉടമകൾ മറ്റു താല്പര്യമുള്ളവർ എന്നിവരുടെ ഒത്തുചേരലാണ് ഈ പരിപാടി. കേരള ആവാസ വ്യവസ്ഥയിൽ നിന്നും 10 സ്റ്റാർട്ടപ്പുകളെ പങ്കെടുപ്പിച്ചു.

**ഇന്നവേഷൻ ലീഡേഴ്സ് സമ്മിറ്റ്**

സാങ്കേതിക മികവ് പ്രദർശിപ്പിക്കുകയും ആഘോഷിക്കുകയും ചെയ്യുന്നതാണ് ടോക്കിയോയിൽ നടന്ന പ്രസ്തുത പരിപാടി. ബന്ധങ്ങൾ സ്ഥാപിക്കുന്നതിനും വിജ്ഞാനവും വിപണന സാധ്യതകളും ലഭിക്കുന്നതിനും ഉതകുന്നതാണ് 2022 നവംബർ 29 മുതൽ ഡിസംബർ 2 വരെ ടോക്കിയോയിലെ ടോറാനോമൻ ഹില്ലിൽ നടന്ന പരിപാടി. സംസ്ഥാന ആവാസ വ്യവസ്ഥയിൽ നിന്നും 5 സ്റ്റാർട്ടപ്പുകളെ പങ്കെടുപ്പിച്ചു.

**പങ്കെടുത്ത ദേശീയ പരിപാടകൾ**

**ഇന്ത്യാ ഫസ്റ്റ് സ്റ്റാർട്ടപ്പ് കോൺക്ലേവും അവാർഡും**

സാങ്കേതിക സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിന് AICRA യുടെ സംരംഭമാണ് ഇന്ത്യാഫസ്റ്റ് സ്റ്റാർട്ടപ്പ് സീരീസ്. ഇരു ഭാഗത്തുമുള്ള ബന്ധപ്പെട്ടവർക്ക് ഗുണകരമാവുന്ന പങ്കാളിത്തത്തിനായി AICRA അംഗങ്ങൾ പ്രവർത്തിക്കുന്നു. വിപണന വളർച്ചയ്ക്കായി വ്യവസായത്തിലെ മികച്ച നേതൃനിരയുമായി ബന്ധപ്പെടുന്നതിനുള്ള വേദി സ്റ്റാർട്ടപ്പിന് ലഭ്യമാകും. 2022 ജൂൺ 8 മുതൽ 9 വരെ ബാംഗ്ലൂരിലാണ് ഈ പരിപാടി നടന്നത്. സംസ്ഥാനത്ത് നിന്നും സ്റ്റാർട്ടപ്പുകൾ ഈ പരിപാടിയിൽ പങ്കെടുത്തു.

**കൺവേർജൻസ് 2023**

ആധുനിക പ്രദർശനങ്ങളും അനുബന്ധ ചർച്ചകളും സംഘടിപ്പിച്ചതിലൂടെ ഇന്ത്യയിലെ ഏറ്റവും സ്വാധീനം ചെലുത്തുന്ന പ്രദർശനവേദിയായി കൺവെർജൻസ് 2023 മാറി. 2023 മാർച്ച് 27 മുതൽ 29 വരെ ന്യൂഡൽഹിയിലെ പ്രഗതി മൈതാനത്താണ് ഇത് നടന്നത്. ആധുനിക സാങ്കേതികത, നൂതനത എന്നിവക്കുള്ള ഒരു വേദിയായി ഇത് മാറി. കേരളത്തിൽ നിന്നുള്ള സ്റ്റാർട്ടപ്പുകളും ഈ പരിപാടിയിൽ പങ്കെടുത്തു.

**കേരള സ്റ്റാർട്ടപ്പ് മിഷൻ ഏറ്റെടുത്ത പദ്ധതികൾ**

**YIP 2022-2023**

യങ് ഇന്നവേറ്റേഴ്സ് പരിപാടി സ്കൂൾ അടിസ്ഥാനമായുള്ള **K-DISC** ന്റെ സംരംഭമാണ്. ഇത് നടത്തിയത് കേരള സ്റ്റാർട്ടപ്പ് മിഷനാണ്.

### K-DISC ന് വേണ്ടി പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റ്

KDISC ന് വേണ്ടി പ്രോഗ്രാം മാനോജ്മെന്റ് യൂണിറ്റ് സൃഷ്ടിച്ച് അതിന്റെ നടത്തിപ്പ് കേരള സ്റ്റാർട്ടപ്പ് മിഷൻ ഇതിനകം തന്നെ ഏറ്റെടുത്തിട്ടുള്ളതാണ്. ആധുനിക സാങ്കേതിക വിദ്യയിൽ പ്രശ്ന പരിഹാരങ്ങൾ സർക്കാർ വകുപ്പുകൾക്ക് ലഭ്യമാക്കുക എന്നതാണ് ലക്ഷ്യം. ഇതിനായി 20 അംഗങ്ങളുള്ള ഒരു യൂണിറ്റ് കേരള സ്റ്റാർട്ടപ്പ് മിഷൻ സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത യൂണിറ്റ് 17 പദ്ധതികളാണ് ഏറ്റെടുത്തിരിക്കുന്നത് അതിൽ 4 എണ്ണം വിജയകരമായി പൂർത്തിയാക്കി.

### പദ്ധതി 2 – കേരള ടെക്നോളജി ഇന്നവേഷൻ സോൺ




കേരള സ്റ്റാർട്ടപ്പ് മിഷനെ ടെക്നോളജി ഇന്നവേഷൻ സോൺ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിനുള്ള നോഡൽ ഏജൻസിയായി സംസ്ഥാന സർക്കാർ 2013 ൽ ചുമതലപ്പെടുത്തി. വിവിധ സാങ്കേതിക മേഖലകൾ ഉൾക്കൊള്ളുന്ന ആഗോള നൂതന ഹബ്ബായി പ്രസ്തുത സോൺ സ്ഥാപിക്കുന്നതിനായി കളമശ്ശേരി കിൻഫ്രാ ഹൈടെക് പാർക്കിൽ 13.2 ഏക്കർ ഭൂമിയും അനവദിച്ചു. പ്രാദേശികമായി വളർന്നുവരുന്ന സംരംഭങ്ങളെയും വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകളെയും ഉൾക്കൊള്ളുന്ന സാങ്കേതിക ഇങ്കുബേറ്ററുകൾക്കുമായി അന്തർദേശീയ നിലവാരമുള്ള സോണാണ് വിഭാവനം ചെയ്തിട്ടുള്ളത്. മൂന്ന് മേഖലകളിലുള്ള ഇങ്കുബേറ്ററുകളാണ് 2.5 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിടങ്ങളിലായി നിലവിൽ പ്രവർത്തിച്ചു വരുന്നത്.

### ഇന്റർഗ്രേറ്റഡ് സ്റ്റാർട്ടപ്പ് കോംപ്ലക്സ് (ISC)

ദക്ഷിണ ഏഷ്യയിലെ ഏറ്റവും വലിയ സ്റ്റാർട്ടപ്പ് കോംപ്ലക്സ് പ്രവർത്തനം ആരംഭിച്ചത് 2019 ലാണ്. കേരള സ്റ്റാർട്ടപ്പ് മിഷന്റെ പൊതുവായ ഇങ്കുബേറ്റർ, ഇലക്ട്രോണിക്സും ഹാർഡ് വെയറും ഇങ്കുബേറ്ററായ മേക്കർ വില്ലേജ്, വിജ്ഞാന ലാബുകൾ, സ്റ്റാർട്ടപ്പ് ഓഫീസ് മോഡ്യൂളുകൾ, മികവിന്റെ കേന്ദ്രങ്ങൾ എന്നിവയാണ് ISC യിൽ നിലവിൽ പ്രവർത്തിച്ചുവരുന്നത്. വിവിധ ഘട്ടങ്ങളിലുള്ള 70 ലധികം സ്റ്റാർട്ടപ്പുകൾ അവിടെ പ്രവർത്തിച്ചുവരുന്നു. ഹാർഡ് വെയർ, സോഫ്റ്റ് വെയർ, ഗവേഷണ വികസന മേഖലകളിലായി 1500 ലധികം തൊഴിലവസരങ്ങളാണ് സൃഷ്ടിച്ചിട്ടുള്ളത്. കേരള സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥക്കാവശ്യമായ വിജ്ഞാന ലാബുകൾ എന്നതടിസ്ഥാനമാക്കി ISC യിൽ ഫാബ് ലാബ്, സൂപ്പർ ഫാബ് ലാബ്, ഫ്യൂച്ചർ ലാബ് എന്നിവയും സ്ഥാപിച്ചിട്ടുണ്ട്. USA യിലെ MIT യുടെ ബിറ്റ്സ് & ആറ്റംസുമായി സഹകരിച്ച് 2020 ൽ സ്ഥാപിച്ച സൂപ്പർ ഫാബ് ലാബ് MIT ക്ക് പുറത്തുള്ള ഏറ്റവും വലിയ ഡിജിറ്റൽ പ്രോട്ടോടൈപ്പിംഗ് സൌകര്യമാണ്. സ്റ്റാർട്ടപ്പുകൾക്ക് അവരുടെ ആശയം പ്രവർത്തനക്ഷമമായ പ്രോട്ടോടൈപ്പ് ആക്കി മാറ്റുന്നതിനും ആധുനിക സാങ്കേതിക വിദ്യകളിൽ ഗവേഷണ വികസനം പ്രവർത്തനം നടത്തുന്നതിനും വിജ്ഞാന ലാബുകൾ ഉപകാര പ്രദമാണ്.

### ബയോടെക് ഇങ്കുബേഷൻ സെന്റർ

നന്നായി സജ്ജീകരിച്ച ലബോറട്ടികൾ തടസ്സമില്ലാതെ സ്റ്റാർട്ടപ്പുകൾക്ക് ലഭ്യമാക്കുന്ന സാങ്കേതികത അടിസ്ഥാന സൌകര്യം എന്നിവ ബയോനെസ്റ്റിൽ ലഭ്യമാണ്. ഈ മേഖലയിൽ 500 ലധികം തൊഴിലവസരങ്ങൾ നിലവിലുണ്ട്. **KRIBS** എന്ന സൊസൈറ്റി നടത്തുന്ന ബയോടെക്നോളജി മേഖലയിലെ ഈ ഇങ്കുബേറ്ററിൽ 30 ലധികം സ്റ്റാർട്ടപ്പുകൾ പ്രവർത്തിക്കുകയും ഗവേഷണ വികസനം പ്രവർത്തനത്തിലേർപ്പെടുകയും ചെയ്യുന്നു.

**രണ്ടാം ഘട്ടം**
മൂന്ന് കെട്ടിടങ്ങൾ ഉൾപ്പെടുന്നതാണ് വികസനത്തിന്റെ അടുത്ത ഘട്ടം. KIIFB ധനസഹായത്തിലൂടെ നടപ്പാക്കുന്ന ഈ ഘട്ടത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിക്കുന്നത് KSITIL ആണ്.

**ഡിജിറ്റൽ ഹബ്ബ്**
2021 സെപ്റ്റംബർ 18 ന് ബഹു. കേരള മുഖ്യമന്ത്രി ഉത്ഘാടനം ചെയ്ത പുതിയ സൌകര്യമാണ് ഡിജിറ്റൽ ഹബ്ബ്. ഇങ്കുബേറ്ററുകൾ, ആക്സിലറേറ്ററുകൾ, ആധുനിക സാങ്കേതിക വിദ്യകളിൽ മികവിന്റെ കേന്ദ്രം എന്നിവയാണ് ഈ കെട്ടിടത്തിൽ ആരംഭിക്കുന്നത്. 100 ലധികം സ്റ്റാർട്ടപ്പുകളിലൂടെ 2000 ലധികം തൊഴിൽ അവസരങ്ങളാണ് ഈ സൌകര്യത്തിലൂടെ ലഭ്യമാക്കുന്നത്. ചട്ടക്കൂടാണ് പൂർത്തിയായിത്. ആന്തരിക സജ്ജീകരിക്കൽ പുരോഗമിച്ചു വരുന്നു. 500സീറ്റുകളുള്ള ആംഫി തീയറ്ററും ഇന്ത്യയിലെ ആദ്യത്തെ ഗ്രാഫീൻ ഇന്നവേഷൻ സെന്ററും ഇവിടെ ഉണ്ടാകും .



Area: 2 lakh sq ft

**ബിൽഡിംഗ് 2**
43000 ചതുരശ്ര അടി സ്ഥലം കൂടി സോണിന് ലഭ്യമാകുന്ന ഈ കെട്ടിടത്തിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു. വാണിജ്യ സംബന്ധമായവ, ഫുഡ് കോർട്ടുകൾ, ഓഫീസ് സൌകര്യം, ഗെയിമിംഗ് സോൺ എന്നിവയാണ് ഇവിടെ ലഭ്യമാക്കുക.

**ബിൽഡിംഗ് 3**
ഈ കെട്ടിടം നിർമ്മിക്കുന്നതിനായി 1.2 ഏക്കർ സ്ഥലം സോഫ്റ്റ് വെയർ ടെക്നോളജി പാർക്സ് ഓഫ് ഇന്ത്യക്ക് നൽകിയിട്ടുണ്ട്. ഘട്ടങ്ങളായി നിർമ്മാണം നടത്തുന്ന കെട്ടിടത്തിന്റെ 42000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ആദ്യ ഘട്ടം പൂർത്തിയായി വരുന്നു.

**സാമ്പത്തികം**
നടപ്പുസാമ്പത്തിക വർഷം യുവ സംരംഭകത്വ പദ്ധതിക്ക് 70.52 കോടി രൂപയും ടെക്നോളജി ഇന്നവേഷൻ സോണിന് 20 കോടി രൂപയുമാണ് വകയിരുത്തിയിരുന്നത്. ഇതിൽ യഥാക്രമം 34.75 കോടി രൂപയും 2 കോടി രൂപയുമായുമാണ് സർക്കാർ അനുവദിച്ച് നൽകിയത്. ലഭ്യമായ തുക പൂർണ്ണമായും വിനിയോഗിച്ചു.

**(ഓഡിറ്റ് ചെയ്ത 2022-23 ലെ വാർഷിക കണക്കുകൾ തുടർന്നുള്ള പുറങ്ങളിൽ കാണാവുന്നതാണ്)**